# എബ്രായർ

*പുത്രൻ ദൂതന്മാരെക്കാൾ ഉന്നതൻ*

1 ദൈവം പണ്ടു ഭാഗംഭാഗമായി, വിവിധ
മാർഗ്ഗങ്ങളിലൂടെ പ്രവാചകന്മാർ മുഖേന പി
താക്കന്മാരോട് അരുളിച്ചെയ്തിട്ട്, 2ഈ അന്ത്യ
കാലത്തു പുത്രൻ മുഖാന്തരം നമ്മോട് അരു
ളിച്ചെയ്തിരിക്കുന്നു. അവിടുന്ന് പുത്രനെ
സകലത്തിനും അവകാശിയാക്കി നിയമിച്ചു; അ
ദ്ദേഹത്തിലൂടെ ലോകത്തെ സൃഷ്ടിച്ചു. 3പുത്രൻ
ദൈവതേജസ്സിന്റെ പ്രഭയും അവിടുത്തെ
നന്മയുടെ സാക്ഷാൽ പ്രതിരൂപവും സകല
ത്തെയും തന്റെ ശക്തിയുള്ള വചനത്താൽ
വഹിക്കുന്നവനും അത്രേ. പാപങ്ങൾക്കു ശുദ്ധീ
കരണം വരുത്തിയശേഷം അവിടുന്ന്
ഉയരത്തിൽ ദൈവമഹിമയുടെ വലത്തുഭാഗത്ത്
ഇരുന്നു. 4അങ്ങനെ അവിടുന്ന് ദൈവദൂ
തന്മാരുടേതിനെക്കാൾ ശ്രേഷ്ഠമായ നാമത്തി
ന് അവകാശിയായതിന് ഒത്തവണ്ണം അവ
രെക്കാൾ ശ്രേഷ്ഠനായിത്തീർന്നു.

5"നീ എന്റെ പുത്രൻ; ഇന്നു ഞാൻ നി
നക്കു ജന്മം നല്കിയിരിക്കുന്നു" [a]

എന്നും

"ഞാൻ അവന്റെ പിതാവും അവൻ
എന്റെ പുത്രനും ആയിരിക്കും" [b]

എന്നും ദൂതന്മാരിൽ ആരോടെങ്കിലും
എപ്പോഴെങ്കിലും ദൈവം അരുളിച്ചെയ്തി
ട്ടുണ്ടോ?

6വീണ്ടും, ദൈവം തന്റെ ആദ്യജാതനെ ലോ
കത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ,

"സകല ദൈവദൂതന്മാരും
അവനെ ആരാധിക്കണം."[c]

എന്ന് അരുളിച്ചെയ്യുന്നു.

7"താൻ ദൂതന്മാരെ കാറ്റുകളും തന്റെ
സേവകന്മാരെ അഗ്നിജ്വാലകളും
ആക്കുന്നു" [d]

എന്നിങ്ങനെ ദൂതന്മാരെക്കുറിച്ച് അവിടുന്ന്
പ്രസ്താവിക്കുന്നു.

8എന്നാൽ പുത്രനെക്കുറിച്ച് അവിടുന്ന്
ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:

"ദൈവമേ, അവിടുത്തെ സിംഹാസനം
എന്നും എന്നേക്കും നിലനില്ക്കുന്നു;
അങ്ങയുടെ രാജത്വത്തിന്റെ
ചെങ്കോൽ നീതിയുടെ ചെങ്കോൽ
തന്നേ.
9അങ്ങു നീതിയെ ഇഷ്ടപ്പെടുകയും ദു
ഷ്ടതയെ വെറുക്കുകയും ചെയ്തിരി
ക്കയാൽ ദൈവം, അങ്ങയുടെ ദൈവം
തന്നേ,
കൂട്ടുകാരിൽപരമായി അങ്ങയെ ആനന്ദ
തൈലംകൊണ്ട് അഭിഷേകം ചെയ്തി
രിക്കുന്നു."[e]

10മാത്രമല്ല,

"കർത്താവേ, ആദിയിൽ അങ്ങു ഭൂമിക്ക്
അടിസ്ഥാനമിട്ടു.
ആകാശവും അവിടുത്തെ കൈകളുടെ
പ്രവൃത്തിയാകുന്നു. 11അവ നശിക്കും;
എന്നാൽ അങ്ങ് നിലനില്ക്കും. അവ
എല്ലാം വസ്ത്രംപോലെ പഴകിപ്പോകും.
12അങ്ങ് അവയെ മേലങ്കിപോലെ ചുരു
ട്ടും; വസ്ത്രംപോലെ അവ മാറ്റപ്പെടും,
എന്നാൽ അങ്ങ് അനന്യനായി നില
കൊള്ളും. അങ്ങയുടെ സംവത്സരങ്ങൾ
അവസാനിക്കുകയുമില്ല."[f]
13"ഞാൻ നിന്റെ ശത്രുക്കളെ നിനക്കു
പാദപീഠമാക്കുവോളം നീ എന്റെ
വലത്തു ഭാഗത്തിരിക്കുക"[g]

എന്നു ദൂതന്മാരിൽ ആരോടെങ്കിലും
എപ്പോഴെങ്കിലും ദൈവം അരുളിച്ചെയ്തി
ട്ടുണ്ടോ? 14അവരെല്ലാവരും, രക്ഷപ്രാപി
ക്കുന്നവരുടെ ശുശ്രൂഷയ്ക്കായി നിയോഗിക്ക
പ്പെടുന്ന സേവകാത്മാക്കളല്ലയോ?

*ശ്രദ്ധിക്കുവാൻ നിർദ്ദേശം*

2 അതുകൊണ്ട്, നാം ഒഴുകിപ്പോകാതി
രിക്കേണ്ടതിന്, കേട്ടത് അധികം ശ്രദ്ധ

[a] 5 സങ്കീർത്തനം 2:7 [b] 5 2ശമുവേൽ 7:14, 1 ദിനവൃത്താന്തം 17:13 [c] 6 ആവർത്തനം 32:43
[d] 7 സങ്കീർത്തനം 104:4 [e] 9 സങ്കീർത്തനം 45:6,7 [f] 12 സങ്കീർത്തനം 102:25-27
[g] 13 സങ്കീർത്തനം 110:1

യോടെ കരുതിക്കൊള്ളേണ്ടതാവശ്യമാണ്.
2ദൂതന്മാർ മുഖേന സംസാരിച്ച വചനം സ്ഥി
രമായിരിക്കയും ഓരോ ലംഘനത്തിനും അനു
സരണക്കേടിനും തക്ക ശിക്ഷ ലഭിക്കുകയും
ചെയ്തുവെങ്കിൽ, 3കർത്താവുതന്നേ ആദ്യമാ
യി പ്രസ്താവിച്ചതും കേട്ടവർ നമുക്കു ഉറപ്പിച്ചു
തന്നതും 4ദൈവം അടയാളങ്ങളാലും അത്ഭു
തങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തി
രുഹിതപ്രകാരം നൽകിയ പരിശുദ്ധാത്മാ
വിൻെറ കൃപാവരങ്ങളാലും സാക്ഷ്യപ്പെടുത്തി
യതുമായ ഇത്ര വലിയ രക്ഷ അവഗണി
ക്കുന്നപക്ഷം നാമെങ്ങനെ തെറ്റിയൊഴിയും?

*യേശു തൻെറ സഹോദരന്മാർക്കു സമൻ*

5നാം പരാമർശിക്കുന്ന ഭാവിലോകത്തെ ദൂ
തന്മാർക്കല്ല ദൈവം കീഴ്പ്പെടുത്തിയത്. 6ഒരു
വൻ ഒരിടത്ത് ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു:
"മനുഷ്യനെ അങ്ങ് ഓർക്കേണ്ടതിന്
അവൻ എന്ത്? മനുഷ്യപുത്രനുവേണ്ടി
കരുതേണ്ടതിന് അവൻ എന്തുള്ളൂ? 7അങ്ങ്
അവനെ ദൂതന്മാരെക്കാൾ അല്പംമാത്രം[a]
താഴ്ത്തി; തേജസ്സുംബഹുമാനവുംകൊണ്ട്
അവനെ കിരീടമണിയിച്ചിരിക്കുന്നു.
8അങ്ങ് സകലവും അവൻെറ കാല്ക്കീഴി
ലാക്കിയിരിക്കുന്നു."[b]
സകലവും ക്രിസ്തുവിനു കീഴാക്കിയപ്പോൾ
ഒന്നിനെയും കീഴ്പ്പെടുത്താതെ വിട്ടിട്ടില്ല;
എന്നാൽ ഇപ്പോൾ സകലവും അവിടുത്തേക്ക്
അധീനമായിരിക്കുന്നതായി കാണുന്നില്ല.
9എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും
വേണ്ടി മരണം അനുഭവിക്കേണ്ടതിനു ദൂ
തന്മാരെക്കാൾ അല്പം താഴ്ത്തപ്പെട്ടവനായ
യേശു മരണം ആസ്വദിച്ചതുകൊണ്ട് അദ്ദേഹ
ത്തെ മഹത്ത്വവും ബഹുമാനവും അണി
ഞ്ഞവനായി നാം കാണുന്നു.
10സകലത്തിൻെറയും ലക്ഷ്യവും സകല
ത്തിൻെറയും ആധാരവുമായ ദൈവം അനേകം
പുത്രന്മാരെ തേജസ്സിലേക്കു നയിക്കുമ്പോൾ
അവരുടെ രക്ഷാനായകനെ കഷ്ടങ്ങളാൽ
സമ്പൂർണ്ണനാക്കുന്നതു യുക്തം ആയിരുന്നു.
11വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്ക
പ്പെടുന്നവരും ഒരേ പിതാവിൻെറ മക്കളാണ്;
അതുകൊണ്ട് അവിടുന്ന് അവരെ സഹോദരർ
എന്നു വിളിപ്പാൻ ലജ്ജിക്കുന്നില്ല.
12"അവിടുത്തെ നാമത്തെ ഞാൻ
എൻെറസഹോദരരോടു കീർത്തിക്കും;
സഭയുടെ മുമ്പാകെ ഞാൻ അവി
ടുത്തേക്ക് സ്തുതിപാടും."[c]എന്നും
13"ഞാൻ ദൈവത്തിൽ ആശ്രയിക്കും."[d]
എന്നും
"ഇതാ ഞാനും ദൈവം എനിക്കു തന്ന
മക്കളും."[e]
എന്നും അവിടുന്നു പ്രസ്താവിക്കുന്നു.
14മക്കൾ മാംസരക്തങ്ങളോടുകൂടിയവരാ
കയാൽ അദ്ദേഹവും മാംസരക്തങ്ങളുള്ളവനാ
യി, മരണത്തിൻെറ അധികാരിയായ പിശാചി
നെ തൻെറ മരണത്താൽ നീക്കിക്കളഞ്ഞ് 15ജീ
വപര്യന്തം മരണഭീതിക്ക് അടിമകളായിരുന്നവ
രെ വിടുവിച്ചു. 16തീർച്ചയായും, ദൂതന്മാരുടെ
പ്രകൃതിയല്ല, അബ്രാഹാമിൻെറ സന്തതിയുടെ
പ്രകൃതിയാണ് അവിടുന്നു സ്വീകരിച്ചത്.
17അതുകൊണ്ട് അവിടുന്നു ദൈവികശുശ്രൂ
ഷയിൽ കരുണയും വിശ്വസ്തതയുമുള്ള ഒരു
മഹാപുരോഹിതനായി ജനങ്ങളുടെ പാപങ്ങൾ
ക്ക് പ്രായശ്ചിത്തം വരുത്തേണ്ടതിന് എല്ലാവി
ധത്തിലും തൻെറ സഹോദരരോടു സദൃശനാ
യിത്തീരേണ്ടത് ആവശ്യമായിരുന്നു. 18അവി
ടുന്ന് പരീക്ഷിതനായി കഷ്ടമനുഭവിച്ചതു
കൊണ്ടു പരീക്ഷിക്കപ്പെടുന്നവരെ സഹായി
പ്പാൻ കഴിവുള്ളവനാണ്.

*യേശു മോശെയെക്കാൾ ശ്രേഷ്ഠൻ*

3 അതുകൊണ്ട് സ്വർഗ്ഗീയവിളിക്ക് ഓഹരി
ക്കാരായ വിശുദ്ധസഹോദരരേ, നാം ഏറ്റു
പറയുന്ന അപ്പൊസ്തലനും മഹാപുരോഹിത
നുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ.
2മോശെ ദൈവഭവനത്തിലെല്ലാം വിശ്വസ്തനാ
യിരുന്നതുപോലെ യേശുവും തന്നെ നിയോഗി
ച്ചവനോടു വിശ്വസ്തനായിരുന്നു. 3ഭവനം നിർ
മ്മിക്കുന്നവൻ ഭവനത്തെക്കാൾ അധികം ബഹു
മാനം അർഹിക്കുന്നതുപോലെ യേശു മോശെ
യെക്കാൾ അധികം ആദരവിന് അർഹനായിരി
ക്കുന്നു. 4ഏതു ഭവനവും നിർമ്മിക്കാൻ ഒരുവൻ
വേണം; സകലവും നിർമ്മിച്ചവനോ ദൈവംത
ന്നേ. 5പിന്നീട് അരുളിച്ചെയ്വാനിരുന്നതിനു സാ
ക്ഷ്യം വഹിക്കുന്ന ഒരു ഭൃത്യനെന്നനിലയിൽ
മോശെ ദൈവഭവനത്തിലെല്ലാം വിശ്വസ്തനാ
യിരുന്നു; 6ക്രിസ്തുവോ ദൈവഭവനത്തിൻെറ
അധികാരിയായ പുത്രൻ എന്ന നിലയിൽത്ത
ന്നേ. നമ്മുടെ പ്രത്യാശയുടെ അഭിമാനവും
ധൈര്യവും നാം അവസാനത്തോളം മുറുകെപ്പി
ടിക്കുമെങ്കിൽ നാം തന്നേയാണ് അവിടുത്തെ
ഭവനം.

*അവിശ്വാസത്തിനെതിരെ മുന്നറിയിപ്പ്*

7ആകയാൽ പരിശുദ്ധാത്മാവ് അരു
ളിച്ചെയ്യുന്നതുപോലെ:
"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം

[a] 7 ചില തർജ്ജമകളിൽ *അല്പനേരത്തേക്കുമാത്രം* എന്നും കാണുന്നു [b] 8 സങ്കീർത്തനം 8:4-6
[c] 12 സങ്കീർത്തനം 22:22 [d] 13 യെശയ്യാവ് 8:17 [e] 13 യെശയ്യാവ് 8:18

കേൾക്കുന്നുവെങ്കിൽ
8മരുഭൂമിയിൽവച്ചു പരീക്ഷാദിവസ
ത്തിലെ മത്സരത്തിൽ എന്നപോലെ നി
ങ്ങളുടെ ഹൃദയം കഠിനമാക്കരുത്.
9അവിടെ വച്ചു നിങ്ങളുടെ പിതാക്ക
ന്മാർ എന്നെ ശോധനചെയ്തു പരീക്ഷി
ക്കുകയും നാല്പതു വർഷം എന്റെ
പ്രവൃത്തികൾ കാണുകയും ചെയ്തു.
10അതുകൊണ്ട് ആ തലമുറയോടു
ഞാൻ കോപിച്ചു; അവർ എപ്പോഴും
വഴിതെറ്റിപ്പോകുന്ന ഹൃദയമുള്ളവർ,
എന്റെ വഴികൾ അറിയാത്തവർ എന്നു
ഞാൻ പറഞ്ഞു.
11അതുകൊണ്ട് അവർ എന്റെ സ്വസ്
ഥതയിൽ പ്രവേശിക്കുകയില്ല എന്നു
ഞാൻ എന്റെ കോപത്തിൽ സത്യം
ചെയ്തു."

12സഹോദരരേ, ജീവനുള്ള ദൈവത്തെ ത്യ
ജിച്ചുകളയുവാൻ തക്കവണ്ണം അവിശ്വാസമുള്ള
ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാ
തിരിപ്പാൻ ശ്രദ്ധിക്കുവിൻ. 13പാപത്തിന്റെ
വഞ്ചനയാൽ നിങ്ങളിൽ ആരും കഠിനപ്പെട്ടുപോ
കാതിരിപ്പാൻ, "ഇന്ന്" എന്നു പറയുന്നേടത്തോ
ളം, ദിനംതോറും പരസ്പരം പ്രബോധിപ്പിച്ചുകൊ
ള്ളുവിൻ. 14ആദ്യവിശ്വാസം അവസാനത്തോ
ളം മുറുകെപ്പിടിച്ചുകൊള്ളുന്ന പക്ഷം നാം ക്രി
സ്തുവിൽ പങ്കുകാരായിത്തീർന്നിരിക്കുന്നു.

15"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം
കേൾക്കുന്നുവെങ്കിൽ, മത്സരത്തിൽ
എന്നപോലെ നിങ്ങളുടെ ഹൃദയങ്ങളെ
കഠിനമാക്കരുത്"[b]

എന്നു പ്രസ്താവിക്കുമ്പോൾ,
16കേട്ടുമത്സരിച്ചവർ ആരാണ്? മോശെ ഈജി
പ്റ്റിൽനിന്നു വിടുവിച്ചു കൊണ്ടുപോന്നവർ
എല്ലാവരുമല്ലയോ?
17നാല്പതുവർഷം അവിടുന്നു കോപിച്ചത്
ആരോടായിരുന്നു? പാപം ചെയ്തവരോടല്ലേ?
അവരുടെ ശരീരങ്ങൾ മരുഭൂമിയിൽ വീണുപോ
യി. 18അവർ അവിടുത്തെ സ്വസ്ഥതയിൽ ഒരു
നാളും പ്രവേശിക്കുകയില്ല എന്നു ദൈവം
ആണയിട്ട് അരുളിച്ചെയ്തത് അനുസരണം
കെട്ടവരോടല്ലാതെ[c] മറ്റാരോടാണ്? 19ഇങ്ങനെ
അവിശ്വാസം നിമിത്തം അവർക്കു പ്രവേശിപ്പാൻ
സാധിച്ചില്ല എന്നു നാം കാണുന്നു.

*ദൈവജനങ്ങൾക്ക് ഒരു ശബ്ബത്തനുഭവം*

4 അതുകൊണ്ട് അവിടുത്തെ സ്വസ്ഥത
യിൽ പ്രവേശിപ്പാനുള്ള വാഗ്ദാനം നി
ലനില്ക്കയാൽ നിങ്ങളിൽ ആർക്കെങ്കിലും
അതു ലഭിക്കാതെപോയി എന്നു വരാതിരിപ്പാൻ
നമുക്കു ഭയത്തോടെയിരിക്കാം. 2അവരെ
പ്പോലെ നാമും, ഒരു സുവാർത്ത കേട്ടവരാണ്;
എന്നാൽ, തങ്ങൾ കേട്ട വചനം അവർക്കു പ്ര
യോജനപ്പെടാതെ പോയി. കാരണം, കേട്ടവരിൽ
അതു വിശ്വാസമായി പരിണമിച്ചില്ല.[d] 3വിശ്വ
സിച്ചവരായ നാമാണ് ആ സ്വസ്ഥതയിലേക്കു
പ്രവേശിക്കുന്നത്; ദൈവത്തിന്റെ പ്രവൃത്തി
ലോകസ്ഥാപനം മുതൽതന്നേ പൂർത്തീകരി
ക്കപ്പെട്ടിട്ടുള്ളതാണെങ്കിലും,

"അവർ എന്റെ സ്വസ്ഥതയിൽ
പ്രവേശിക്കുകയില്ല എന്നു ഞാൻ
എന്റെ ക്രോധത്തിൽ സത്യം
ചെയ്തു"[e]

എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു
വല്ലോ. 4"ഏഴാം നാളിൽ ദൈവം തന്റെ സകല
പ്രവൃത്തികളിൽനിന്നും വിശ്രമിച്ചു"[f] എന്നു
ഏഴാം നാളിനെക്കുറിച്ച് അവിടുന്ന് ഒരിടത്ത്
പ്രസ്താവിക്കുന്നു. 5"അവർ എന്റെ
സ്വസ്ഥതയിൽ കടക്കുകയില്ല" എന്നു മേലു
ദ്ധരിച്ച ഭാഗത്തു വീണ്ടും പ്രസ്താവിക്കുകയും
ചെയ്യുന്നു.
6ചിലർ അതിൽ പ്രവേശിക്കുവാൻ അവസരം
ശേഷിച്ചിരിക്കയാലും, മുമ്പ് ഈ സുവാർത്ത
കേട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശി
ക്കാതെപോകയാലും, 7ഇവിടെ പറഞ്ഞതു
പോലെ, ദീർഘകാലത്തിനുശേഷം ദാവീദുമു
ഖാന്തരം, "ഇന്ന്" എന്നൊരു ക്ലിപ്തദിവസം
ദൈവം പിന്നെയും വച്ചിരിക്കുന്നു.

"ഇന്നു നിങ്ങൾ അവിടുത്തെ ശബ്ദം
കേൾക്കുന്നുവെങ്കിൽ നിങ്ങളുടെ
ഹൃദയം കഠിനമാക്കരുത്"[b]

എന്നാണ് ദാവീദു സംസാരിച്ച വചനം. 8യോ
ശുവ അവർക്കു വിശ്രമം നല്കിയിരുന്നു
വെങ്കിൽ പിന്നീടു മറ്റൊരു ദിവസത്തെക്കുറിച്ചു
ദൈവം അരുളിച്ചെയ്യുകയില്ലായിരുന്നു. 9അതി
നാൽ ദൈവജനത്തിന് ഒരു ശബ്ബത്തനുഭവം
ശേഷിച്ചിരിക്കുന്നു. 10ദൈവം തന്റെ പ്രവൃത്തി
യിൽനിന്നു സ്വസ്ഥനായതുപോലെ,
ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശി
ച്ചവനും തന്റെ പ്രവൃത്തിയിൽനിന്നു വിശ്രമി
ച്ചിരിക്കുന്നു. 11അതിനാൽ അനുസരണ
ക്കേടിന്റെ അതേ ദൃഷ്ടാന്തം പിൻതുടർന്ന്,
ആരും വീണു പോകാതെ, ആ വിശ്രമത്തിൽ
പ്രവേശിക്കുവാൻ നമുക്കും അദ്ധ്വാനിക്കാം.
12ദൈവത്തിന്റെ വചനം ജീവനും
ചൈതന്യവും ഉള്ളതും, ഇരുവായ്ത്തലയുള്ള

[a] 11 സങ്കീർത്തനം 95:7-11 [b] 15,4:7 സങ്കീർത്തനം 95:7,8 [c] 18 അല്ലെങ്കിൽ *വിശ്വസിക്കാത്തവരോടല്ലാതെ*
[d] 4:2 പല കയ്യെഴുത്തു പ്രതികളിലും, *കാരണം, അനുസരിച്ചവരുടെ വിശ്വാസത്തിൽ അവർ പങ്കുകാരാ
യിത്തീർന്നില്ല.* [e] 3സങ്കീർത്തനം 95:11;വാക്യം 5-ഉം കാണുക. [f] 4 ഉല്പത്തി 2:2

ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാ
ണനെയും ആത്മാവിനെയും സന്ധിമജ്ജക
ളെയും വേർപെടുത്തുംവരെ തുളച്ചു
കയറുന്നതും ഹൃദയത്തിലെ ചിന്തകളെയും
ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.
13അവിടുത്തെ ദൃഷ്ടിയിൽനിന്നു മറഞ്ഞിരി
ക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവി
ടുത്തെ കണ്ണുകൾക്കു മുമ്പിൽ നഗ്നവും തുറ
ന്നതുമായി കിടക്കുന്നു. അവിടുത്തോടത്രേ
നമുക്കു കാര്യമുള്ളത്.

*യേശു ശ്രേഷ്ഠമഹാപുരോഹിതൻ*

14ആകയാൽ ദൈവപുത്രനായ യേശു ആകാ
ശത്തിലൂടെ[a] കടന്നുപോയ ശ്രേഷ്ഠമഹാപുരോ
ഹിതനായി നമുക്കുള്ളതുകൊണ്ടു നാം ഏറ്റു
പറയുന്ന വിശ്വാസം മുറുകെപ്പിടിക്കാം.
15നമ്മുടെ ബലഹീനതകളിൽ സഹതപിക്കു
വാൻ കഴിയാത്ത ഒരു മഹാപുരോഹിതനല്ല
നമുക്കുള്ളത്; പിന്നെയോ, സകലത്തിലും ന
മ്മെപ്പോലെതന്നേ പരീക്ഷിക്കപ്പെട്ടവനാണ്;
എങ്കിലും അവിടുന്ന് പാപം ചെയ്തിട്ടില്ല.
16അതുകൊണ്ടു കരുണ ലഭിക്കുവാനും യഥാ
സമയം സഹായത്തിനുള്ള കൃപ പ്രാപിക്കുവാ
നും നമുക്കു ധൈര്യത്തോടെ കൃപാസനത്തി
ങ്കലേക്ക് അടുത്തു ചെല്ലാം.

5 മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന
ഏതു മഹാപുരോഹിതനും ദൈവകാര്യ
ങ്ങളിൽ മനുഷ്യർക്കുവേണ്ടി പാപങ്ങൾക്കുള്ള
വഴിപാടുകളും യാഗങ്ങളും അർപ്പിക്കുവാൻ നി
യമിക്കപ്പെടുന്നു. 2താൻതന്നേ ബലഹീനതയു
ള്ളവനാകയാൽ അറിവില്ലാത്തവരോടും
വഴിതെറ്റിപ്പോകുന്നവരോടും സൗമ്യതയോടെ
പെരുമാറുവാൻ അദ്ദേഹത്തിനു കഴിയും.
3ബലഹീനതനിമിത്തം ജനത്തിനുവേണ്ടി എന്ന
പോലെ തനിക്കുവേണ്ടിയും പാപയാഗങ്ങളർ
പ്പിക്കുവാൻ അദ്ദേഹം കടപ്പെട്ടവനാണ്.

4ഈ മാന്യപദവി ആരും സ്വയം ഏറ്റെടു
ക്കുന്നില്ല. അഹരോനെപ്പോലെ അയാൾ
ദൈവത്താൽ വിളിക്കപ്പെട്ടവൻ ആയിരിക്കണം.
5അങ്ങനെ ക്രിസ്തുവും മഹാപുരോഹിതൻ
ആകുവാനുള്ള മഹത്ത്വം സ്വയം എടുത്തില്ല;
എന്നാൽ,

"നീ എൻെറ പുത്രൻ; ഇന്നു ഞാൻ
നിനക്കു ജന്മം നല്കിയിരിക്കുന്നു"[b]

എന്ന് അരുളിച്ചെയ്തവനാണ് നിയമിച്ചത്.

6"നീ മെല്ക്കീസേദെക്കിൻെറ
ക്രമപ്രകാരം എന്നേക്കും ഒരു
പുരോഹിതൻ"[c]

എന്ന് അവിടുന്ന് മറ്റൊരേടത്തും അരുളി
ച്ചെയ്യുന്നു.
7ക്രിസ്തു തൻെറ ഐഹികജീവിതകാലത്ത്,
തന്നെ മരണത്തിൽനിന്നു രക്ഷിപ്പാൻ കഴി
യുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണു
നീരോടുംകൂടെ അപേക്ഷകളും യാചനകളും
കഴിച്ചു; ദൈവഭയം നിമിത്തം അതിന് ഉത്തരം
ലഭിക്കുകയും ചെയ്തു. 8പുത്രനെങ്കിലും താൻ
അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠി
ച്ചു തികഞ്ഞവനായി, 9തന്നെ അനുസരിക്കുന്ന
എല്ലാവർക്കും നിത്യരക്ഷയ്ക്ക് കാരണഭൂതനാ
യിത്തീർന്നു; 10മെല്ക്കീസേദെക്കിൻെറ ക്രമ
പ്രകാരം മഹാപുരോഹിതൻ എന്ന പദവിയിൽ
ദൈവത്താൽ നിയോഗിക്കപ്പെടുകയും ചെയ്തു.

*വീഴാതിരിപ്പാൻ സൂക്ഷിപ്പിൻ*

11ഇതു സംബന്ധിച്ചു ഞങ്ങൾക്കു വളരെ
പറയുവാനുണ്ട്, എന്നാൽ നിങ്ങൾ ഗ്രഹിപ്പാൻ
മന്ദതയുള്ളവരാകയാൽ വിശദീകരിക്കുക വി
ഷമമാണ്. 12വാസ്തവത്തിൽ, നിങ്ങൾ
ഇതിനോടകം ഉപദേഷ്ടാക്കന്മാർ ആകേണ്ടതാ
യിരുന്നു; എന്നാൽ ദൈവവചനത്തിൻെറ പ്രാ
ഥമികസത്യങ്ങൾ ആരെങ്കിലും ഇപ്പോഴും നി
ങ്ങൾക്ക് ഉപദേശിച്ചുതരേണ്ടിയിരിക്കുന്നു. കട്ടി
യായ ആഹാരമല്ല പാൽ ആണു നിങ്ങൾ
ആവശ്യപ്പെടുന്നത്. 13പാൽകുടിച്ചു ജീവി
ക്കുന്നവൻ ഇപ്പോഴും ശിശുവാകയാൽ അവനു
നീതിയുടെ വചനത്തിൽ പരിചയം സിദ്ധിച്ചിട്ടി
ല്ല. 14തഴക്കത്താൽ ഇന്ദ്രിയങ്ങൾക്ക് അഭ്യസനം
ലഭിച്ചു പൂർണ്ണവളർച്ചയിൽ എത്തിയവർക്കു
മാത്രമേ കട്ടിയായ ആഹാരം പറ്റുകയുള്ളു.

6 അതുകൊണ്ട് നിർജ്ജീവപ്രവൃത്തി
കളിൽനിന്നുള്ള മാനസാന്തരം, ദൈവത്തി
ലുള്ള വിശ്വാസം, സ്നാനങ്ങളെപ്പറ്റിയുള്ള ഉപ
ദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം,
നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടി
സ്ഥാനം പിന്നെയും ഇടാതെ 2ക്രിസ്തു
വിനെക്കുറിച്ചുള്ള പ്രാഥമികപാഠങ്ങൾ വിട്ടു
പരിജ്ഞാനപൂർണ്ണതയിലേക്കു വളരുവാൻ
നമുക്ക് ഉത്സാഹിക്കാം. 3ദൈവം അനുവദിച്ചാൽ
നാം അതു ചെയ്യും.

4ഒരിക്കൽ പ്രകാശനം ലഭിച്ചു സ്വർഗ്ഗീയദാനം
ആസ്വദിക്കുകയും പരിശുദ്ധാത്മാവിൽ ഓഹരി
ക്കാരാവുകയും 5ദൈവവചനത്തിൻെറ നന്മയും
വരുവാനുള്ള ലോകത്തിൻെറ ശക്തിയും അനു
ഭവിച്ചറിയുകയും ചെയ്തിട്ടുള്ളവർ വിശ്വാ
സത്തിൽനിന്നു വീണുപോയാൽ 6അവരെ
വീണ്ടും മാനസാന്തരത്തിലേക്കു മടക്കി
ക്കൊണ്ടുവരുവാൻ സാധ്യമല്ല. കാരണം, അവർ
തങ്ങൾക്കുതന്നേ ദൈവപുത്രനെ വീണ്ടും ക്രൂ
ശിക്കുകയും പരസ്യമായി അപഹാസ്യനാക്കു
കയും ചെയ്യുന്നു.

[a] 14 അല്ലെങ്കിൽ *ആകാശത്തിലേയ്ക്കു* [b] 5:5 സങ്കീർത്തനം 2:7 [c] 6 സങ്കീർത്തനം 110:4

7കൂടെക്കൂടെ പെയ്യുന്ന മഴ കുടിച്ച് ഭൂമി, കൃഷി
ചെയ്യുന്നവർക്കു പ്രയോജനമുള്ള വിളവു പുറ
പ്പെടുവിക്കുന്നുവെങ്കിൽ ദൈവാനുഗ്രഹം പ്രാ
പിക്കുന്നു. 8മുള്ളും ഞെരിഞ്ഞിലും മുളപ്പി
ക്കുന്നുവെങ്കിലോ, അതു കൊള്ളരുതാത്തതും
ശാപഗ്രസ്തവുമാണ്. അത് ഒടുവിൽ അഗ്നി
ക്കിരയാകും.
9പ്രിയരേ, ഞങ്ങൾ ഇങ്ങനെ സംസാരിക്കു
ന്നുവെങ്കിലും രക്ഷയെ സംബന്ധിച്ച ശ്രേഷ്ഠകാ
ര്യങ്ങൾ നിങ്ങൾക്കുണ്ടെന്നു ഞങ്ങൾക്കുറപ്പാ
ണ്. 10വിശുദ്ധർക്കുവേണ്ടി നിങ്ങൾ ചെയ്തതും
ഇപ്പോൾ ചെയ്യുന്നതുമായ ശുശ്രൂഷയിലൂടെ
തന്റെ നാമത്തോടു നിങ്ങൾ കാണിച്ച സ്
നേഹം മറന്നു കളയുവാൻ തക്കവണ്ണം ദൈവം
അനീതിയുള്ളവനല്ല. 11നിങ്ങൾ ഓരോരുത്തരും
പ്രത്യാശയുടെ പൂർണ്ണനിശ്ചയം പ്രാപി
ക്കേണ്ടതിന് ഇതേ ശുഷ്കാന്തി അവസാന
ത്തോളം നിലനിർത്തണമെന്നു ഞങ്ങൾ
ആഗ്രഹിക്കുന്നു. 12അങ്ങനെ നിങ്ങൾ മന്ദതയു
ള്ളവരാകാതെ, വിശ്വാസത്താലും ദീർഘ
ക്ഷമയാലും വാഗ്ദാനങ്ങൾ അവകാശമാ
ക്കുന്നവരുടെ അനുകാരികൾ ആകും.

*ദൈവികവാഗ്ദാനത്തിന്റെ സുനിശ്ചിതത്ത്വം*

13ദൈവം അബ്രാഹാമിനോടു വാഗ്ദാനം
ചെയ്തപ്പോൾ, തന്നെക്കാൾ വലിയവനെ
ക്കൊണ്ടു സത്യം ചെയ്യുവാൻ ഇല്ലാത്തതുമൂലം
തന്നെക്കൊണ്ടുതന്നേ സത്യം ചെയ്തു:
14“ഞാൻ നിന്നെ നിശ്ചയമായും അനുഗ്രഹി
ച്ചു വർദ്ധിപ്പിക്കും.”[a] എന്ന് അരുളിച്ചെയ്തു.
15അങ്ങനെ അബ്രാഹാം ദീർഘക്ഷമയോടെ
കാത്തിരുന്നു വാഗ്ദാനപൂർത്തി പ്രാപിച്ചു.
16തങ്ങളെക്കാൾ വലിയവരെക്കൊണ്ടാണു
മനുഷ്യർ സത്യം ചെയ്യുന്നത്. അത് വാഗ്ദാന
ത്തെ ഉറപ്പിക്കുകയും എല്ലാ തർക്കത്തിനും തീർ
പ്പുവരുത്തുകയും ചെയ്യുന്നു. 17തന്റെ ഉദ്ദേശ്യം
മാറ്റമില്ലാത്തതെന്നു വാഗ്ദാനത്തിന്റെ അവകാ
ശികൾക്കു തെളിയിച്ചു കൊടുക്കാൻ ആഗ്രഹി
ച്ചിട്ടു ദൈവം അതിനെ സത്യം ചെയ്ത് ഉറപ്പി
ച്ചു. 18മാറ്റംവരാത്ത ഈ രണ്ടു കാര്യങ്ങളിലും
ദൈവത്തിന്റെ വാക്കു വ്യാജമായിത്തീരുക സാ
ദ്ധ്യമല്ല. നമ്മുടെ മുമ്പിൽ വച്ചിട്ടുള്ള പ്രത്യാശ
മുറുകെപ്പിടിക്കുവാൻ അഭയം തേടി ഓടി വന്ന
നാം ഇവയിലൂടെ ശക്തിയായ ധൈര്യം പ്രാപി
ക്കുന്നു.
19ഈ പ്രത്യാശ നമുക്ക് ആത്മാവിന്റെ ദൃ
ഢവും ഭദ്രവുമായ ഒരു നങ്കൂരം തന്നേ. അതു ന
മ്മെ തിരശ്ശീലയ്ക്കകത്തേക്കു പ്രവേശിപ്പി
ക്കുന്നു. 20അവിടേക്കു യേശു മെല്ക്കീസേ
ദെക്കിന്റെ ക്രമപ്രകാരം നമ്മെ പ്രതിനിധാനം
ചെയ്തുകൊണ്ട് എന്നേക്കുമുള്ള മഹാപുരോ
ഹിതനായി നമുക്കു മുമ്പേ പ്രവേശിച്ചിരിക്കുന്നു.

*മെല്ക്കീസേദെക്കിന്റെ പൗരോഹിത്യം*

7 ശാലേം രാജാവും അത്യുന്നതദൈവ
ത്തിന്റെ പുരോഹിതനുമായ ഈ മെല്ക്കീ
സേദെക്ക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന
അബ്രാഹാമിനെ എതിരേറ്റുചെന്ന് അനുഗ്രഹി
ച്ചു. 2അബ്രാഹാം തനിക്കുണ്ടായിരുന്ന
സകലത്തിന്റെയും പത്തിലൊന്ന് അദ്ദേഹത്തി
നു കൊടുത്തു. അദ്ദേഹത്തിന്റെ പേരിന്, ആദ്യം
“നീതിയുടെ രാജാവ്” എന്നും പിന്നീട് “ശാലേം
രാജാവ്” അഥവാ “സമാധാനത്തിന്റെ രാജാ
വ്” എന്നും അർത്ഥം. 3അദ്ദേഹം, പിതാവോ മാ
താവോ, വംശാവലിയോ, ജീവാരംഭമോ ജീവാ
വസാനമോ ഇല്ലാത്തവനായും, ദൈവപുത്രനു
സദൃശ്യനായും എന്നേക്കുമുള്ള പുരോഹിതൻ
ആയിരിക്കുന്നു.
4അദ്ദേഹം എത്ര മഹാൻ എന്നു നോക്കുവിൻ!
ഗോത്രപിതാവായ അബ്രാഹാംപോലും അ
ദ്ദേഹത്തിനു കൊള്ളമുതലിന്റെ പത്തിലൊന്നു
കൊടുത്തു! 5ലേവിയുടെ പിൻതലമുറക്കാരിൽ
പുരോഹിതന്മാരാകുന്നവർക്കു ജനങ്ങളിൽ
നിന്ന്, അതായത് തങ്ങളുടെ സഹോദരങ്ങളിൽ
നിന്നുതന്നേ, അവർ അബ്രാഹാമിന്റെ സന്തതി
കൾ ആയിരുന്നിട്ടുപോലും ദശാംശം വാങ്ങു
വാൻ ന്യായപ്രമാണത്തിൽ കല്പനയുണ്ട്.
6എന്നാൽ ഇദ്ദേഹം ലേവിയുടെ വംശാവലിയിൽ
ഉൾപ്പെടാത്തവനായിരുന്നിട്ടും അബ്രാഹാ
മിനോടു ദശാംശം വാങ്ങുകയും വാഗ്ദാനങ്ങൾ
ലഭിച്ചിരുന്നവനായ അദ്ദേഹത്തെ അനുഗ്രഹി
ക്കുകയും ചെയ്തു. 7ഉയർന്നവൻ താണവനെ
അനുഗ്രഹിക്കുന്നു എന്നതിൽ സംശയമില്ലല്ലോ.
8ഇവിടെ, മരണമുള്ള മനുഷ്യർ ദശാംശം വാ
ങ്ങുന്നു; അവിടെയോ, ജീവിച്ചിരിക്കുന്നുവെന്നു
സാക്ഷ്യം പ്രാപിച്ചവൻതന്നേ ദശാംശം വാങ്ങി.
9ദശാംശം സ്വീകരിക്കുന്നവനായ ലേവിതന്നേ
അബ്രാഹാമിലൂടെ ദശാംശം നല്കി എന്നു
വേണമെങ്കിൽ പറയാം. 10കാരണം, മെല്ക്കീസേ
ദെക്ക് അബ്രാഹാമിനെ എതിരേറ്റപ്പോൾ ലേവി
തന്റെ പൂർവ്വികനായ അബ്രാഹാമിൽ ഉണ്ടാ
യിരുന്നുവല്ലോ.

*യേശുവും മെല്ക്കീസേദെക്കും*

11ലേവ്യപൗരോഹിത്യം വഴിയാണല്ലോ
ന്യായപ്രമാണം നല്കപ്പെട്ടത്. അതിലൂടെ
സമ്പൂർണ്ണത കൈവരുത്തുവാൻ കഴിയുമായി
രുന്നെങ്കിൽ, അഹരോന്റെ ക്രമപ്രകാരം
ആകാതെ, മെല്ക്കീസേദെക്കിന്റെ ക്രമ

[a] 14 ഉല്പത്തി 22:17

പ്രകാരംതന്നേ മറ്റൊരു പുരോഹിതൻ വരേണ്ട
ആവശ്യം എന്തായിരുന്നു? 12പൗരോഹിത്യത്തി
നു മാറ്റം വരുമ്പോൾ ന്യായപ്രമാണത്തിനും
മാറ്റം വരണം. 13ഈ കാര്യങ്ങൾ ആരെക്കുറിച്ചു
പറഞ്ഞിരിക്കുന്നുവോ അദ്ദേഹം വേറൊരു
ഗോത്രത്തിൽപ്പെട്ടവനാണ്; ആ ഗോത്രത്തിൽ
നിന്ന് ആരും യാഗപീഠത്തിങ്കൽ ശുശ്രൂഷ
ചെയ്തിട്ടില്ല. 14നമ്മുടെ കർത്താവ് യഹൂ
ദാഗോത്രത്തിൽ ജനിച്ചു എന്നതു സ്പഷ്ടം. ആ
ഗോത്രത്തെക്കുറിച്ചു പറയുമ്പോൾ മോശെ
പൗരോഹിത്യസംബന്ധമായി ഒന്നും കല്പിച്ചി
ട്ടില്ല. 15മെല്ക്കീസേദെക്കിനു തുല്യനായ വേ
റൊരു പുരോഹിതൻ വന്നപ്പോൾ ഇക്കാര്യം
അധികം വ്യക്തമാകുന്നു. 16പൂർവ്വപരമ്പരയുടെ
നിബന്ധന അനുസരിച്ചല്ല, അനശ്വരമായ
ജീവശക്തിയാലാണ് അദ്ദേഹം പുരോഹി
തനായിത്തീർന്നത്.

17"മെല്ക്കീസേദെക്കിന്റെ ക്രമ
പ്രകാരം നീ എന്നേക്കും ഒരു
പുരോഹിതൻ"[a]

എന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ.

18ഇവിടെ ദുർബ്ബലവും നിഷ്പ്രയോജന
വുമായ മുമ്പത്തെ കല്പന നീക്കം ചെയ്തിട്ട്
19ദൈവത്തോടടുക്കാൻ നമ്മെ സഹായിക്കുന്ന
ശ്രേഷ്ഠതരമായ ഒരു പ്രത്യാശ സ്ഥാപിക്ക
പ്പെടുന്നു. ന്യായപ്രമാണം ഒന്നിനെയും
പൂർണ്ണമാക്കുന്നില്ലല്ലോ.

20ഈ പൗരോഹിത്യം ഉറപ്പിക്കപ്പെട്ടത്
ആണകൂടാതെയല്ല. മറ്റുള്ളവർ ആണ കൂടാതെ
പുരോഹിതന്മാരായിത്തീർന്നു. 21അദ്ദേഹമോ,

"നീ എന്നേക്കും പുരോഹിതൻ
എന്നു കർത്താവു സത്യം ചെയ്തി
രിക്കുന്നു; അതിനു മാറ്റമില്ല"

എന്നു ദൈവം നല്കിയ ആണയനുസരിച്ചു
പുരോഹിതൻ ആയിരിക്കുന്നു.

22ഈ ആണനിമിത്തം യേശു ഏറെ വിശി
ഷ്ടമായ ഉടമ്പടിക്ക് ഉറപ്പു നല്കിയിരിക്കുന്നു.

23പുരോഹിതന്മാർ അനവധി ഉണ്ടായിട്ടുണ്ട്;
ആ സ്ഥാനത്തു തുടരാൻ ആരെയും മരണം
അനുവദിച്ചില്ല; 24എന്നാൽ യേശുവോ
എന്നേക്കും ജീവിക്കുന്നതുകൊണ്ട്, ശാശ്വ
തമായ പൗരോഹിത്യം പ്രാപിച്ചിരിക്കുന്നു.
25അതുകൊണ്ട്, താൻ മുഖാന്തരം ദൈവത്തോ
ടു അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം
ചെയ്യുന്നതിനു സദാ ജീവിക്കുന്നവനാകയാൽ
അവിടുന്ന് അവരെ പൂർണ്ണമായി[b] രക്ഷിപ്പാൻ
പ്രാപ്തനാകുന്നു.

26ഇങ്ങനെയുള്ള മഹാപുരോഹിതനത്രേ
നമുക്കു ആവശ്യം: പവിത്രൻ, നിഷ്കളങ്കൻ,
നിർമ്മലൻ, പാപികളിൽനിന്നു വേർപെട്ടവൻ,
സ്വർഗ്ഗത്തെക്കാൾ ഉന്നതൻ. 27മറ്റു മഹാപുരോ
ഹിതന്മാരിൽനിന്ന് അവിടുന്നു വ്യത്യസ്തനാ
ണ്. ആദ്യം സ്വന്തം പാപങ്ങൾക്കുവേണ്ടിയും
പിന്നെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും
ദിവസംതോറും യാഗം കഴിക്കേണ്ട ആവശ്യം
അവിടുത്തേക്കില്ല. തന്നെത്താൻ യാഗം അർപ്പി
ച്ചുകൊണ്ട് അവിടുന്ന് അത് എന്നേക്കുമായി
നിർവ്വഹിച്ചുവല്ലോ. 28ന്യായപ്രമാണം ബലഹീ
നരായ മനുഷ്യരെ മഹാപുരോഹിതന്മാരാ
ക്കുന്നു; എന്നാൽ ന്യായപ്രമാണത്തിനുശേഷം
വന്ന ആണയുടെ വചനമോ, സമ്പൂർണ്ണനായി
രിക്കുന്ന പുത്രനെ എന്നേക്കും മഹാപുരോഹി
തനായി നിയമിച്ചു.

### *പുതിയ ഉടമ്പടിയുടെ മഹാപുരോഹിതൻ*

8 നാം ഈ പറയുന്നതിന്റെ സാരം
ഇതാണ്: സ്വർഗ്ഗത്തിൽ മഹിമാസന
ത്തിന്റെ വലത്തുഭാഗത്ത് ഇരുന്നവനായ ഒരു
മഹാപുരോഹിതൻ നമുക്കുണ്ട്. 2അവിടുന്ന്
വിശുദ്ധസ്ഥലത്തിന്റെയും, മനുഷ്യനല്ല,
കർത്താവുതന്നേ സ്ഥാപിച്ച സത്യകൂടാ
രത്തിന്റെയും ശുശ്രൂഷ ചെയ്യുന്നവനാണ്.

3വഴിപാടുകളും യാഗങ്ങളും അർപ്പിക്കുവാ
നാണ് ഓരോ മഹാപുരോഹിതനും നിയമിക്ക
പ്പെടുന്നത്. അതുകൊണ്ട് അർപ്പിക്കുവാൻ ഇ
ദ്ദേഹത്തിനും വല്ലതും വേണം. 4അവിടുന്ന് ഭൂമി
യിൽ ആയിരുന്നെങ്കിൽ പുരോഹിതൻ ആകു
മായിരുന്നില്ല, കാരണം, ന്യായപ്രമാണപ്രകാ
രമുള്ള വഴിപാടുകൾ അർപ്പിക്കുന്ന പുരോഹി
തന്മാർ ഉണ്ടല്ലോ. 5മോശെ കൂടാരം പണിയു
വാനാരംഭിച്ചപ്പോൾ, "പർവ്വതത്തിൽ നിനക്കു
കാണിച്ചുതന്ന മാതൃകപ്രകാരം സകലവും
നിർമ്മിക്കുക"[c] എന്നു ദൈവത്തിൽനിന്ന് അ
ദ്ദേഹത്തിനു കല്പന ലഭിച്ചതനുസരിച്ച് അവർ
സ്വർഗ്ഗീയമായതിന്റെ നിഴലും സദൃശവുമാ
യതിൽ ശുശ്രൂഷ ചെയ്യുന്നു. 6യേശുവോ
വിശേഷതയേറിയ വാഗ്ദാനങ്ങളിൽ അധി
ഷ്ഠിതമായ ഒരു ശ്രേഷ്ഠ ഉടമ്പടിയുടെ മധ്യ
സ്ഥനാകയാൽ കൂടുതൽ ഉൽകൃഷ്ടമായ ഒരു
ശുശ്രൂഷ പ്രാപിച്ചിരിക്കുന്നു.

7ഒന്നാമത്തെ ഉടമ്പടി കുറ്റമറ്റതായി
രുന്നെങ്കിൽ മറ്റൊരു ഉടമ്പടിയുടെ ആവശ്യം
വരികയില്ലായിരുന്നു. 8എന്നാൽ അവരെ കുറ്റ
പ്പെടുത്തിക്കൊണ്ടു ദൈവം ഇപ്രകാരം അരു
ളിച്ചെയ്യുന്നു:

"ഞാൻ യിസ്രായേൽഗൃഹത്തോടും
യഹൂദാഗൃഹത്തോടും പുതിയൊരു
ഉടമ്പടി ചെയ്യുന്ന കാലം വരുമെന്നു
കർത്താവിന്റെ അരുളപ്പാട്.
9ഞാൻ അവരുടെ പിതാക്കന്മാരെ

[a] 17 സങ്കീർത്തനം 110:4 [b] 25 അല്ലെങ്കിൽ *എന്നന്നേക്കും.* [c] 5 പുറപ്പാട് 25:40

കൈക്കു പിടിച്ച് ഈജിപ്റ്റിൽനിന്നു വി
ടുവിച്ചു കൊണ്ടുപോന്നപ്പോൾ അവ
രോടു ചെയ്തിരുന്ന ഉടമ്പടിപോലെ
ആയിരിക്കുകയില്ല അത്. കാരണം,
അവർ എൻെറ ഉടമ്പടിയോടു വിശ്വ
സ്തരായിരുന്നില്ല; ഞാൻ അവരെ
അംഗീകരിച്ചതുമില്ല എന്നു കർത്താ
വിൻെറ അരുളപ്പാട്.
10ആ കാലത്തിനുശേഷം ഞാൻ
യിസ്രായേൽഗൃഹത്തോടു ചെയ്യുവാനി
രിക്കുന്ന ഉടമ്പടി ഇതാകുന്നുവെന്ന്
കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ
എൻെറ നിയമങ്ങൾ അവരുടെ ഉള്ളി
ലാക്കി അവരുടെ ഹൃദയങ്ങളിൽ എഴു
തും. ഞാൻ അവർക്കു ദൈവവും അവർ
എനിക്കു ജനവും ആയിരിക്കും.
11ഇനിമേൽ അവരിൽ ആരും തൻെറ
അയൽക്കാരനെയോ സഹോദരനെ
യോ കർത്താവിനെ അറിയുക എന്ന്
ഉപദേശിക്കുകയില്ല. എന്തുകൊണ്ടെ
ന്നാൽ അവരിൽ ചെറിയവൻമുതൽ
വലിയവൻവരെ എല്ലാവരും എന്നെ
അറിയും.
12ഞാൻ അവരുടെ അനീതിയിൽ കരു
ണ കാണിക്കും; അവരുടെ പാപങ്ങൾ
ഇനി ഓർക്കുകയുമില്ല."[a]
13ഈ ഉടമ്പടി പുതിയത് എന്നു പറയുമ്പോൾ
ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു.
പഴയതും ജീർണ്ണിക്കുന്നതും വേഗം നീങ്ങി
പ്പോകും.

*ഭൗമികകൂടാരത്തിലെ ആരാധന*

9 ആദ്യത്തെ ഉടമ്പടിയിൽ ആരാധനയെ
സംബന്ധിച്ച നിബന്ധനകളും ഭൗമികമായ
ഒരു വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. 2അങ്ങ
നെ ഒരു കൂടാരം നിർമ്മിച്ചു. അതിൻെറ ആദ്യഭാ
ഗത്തു നിലവിളക്കും മേശയും കാഴ്ചയപ്പവും
ഉണ്ടായിരുന്നു. അതിനു വിശുദ്ധസ്ഥലം എന്നു
പേർ. 3രണ്ടാം തിരശ്ശീലയ്ക്കു പിന്നിൽ അതി
വിശുദ്ധസ്ഥലം എന്നു പേരുള്ള ഒരു ഭാഗം
ഉണ്ടായിരുന്നു. 4അവിടെ സ്വർണ്ണം കൊണ്ടുള്ള
ധൂപപീഠവും മുഴുവനും സ്വർണ്ണംകൊണ്ടു
പൊതിഞ്ഞ നിയമപെട്ടകവും പെട്ടകത്തിൽ,
മന്നാ ഇട്ടുവച്ചിരുന്ന പൊൻപാത്രവും അഹ
രോൻെറ തളിർത്ത വടിയും നിയമത്തിൻെറ
കല്പലകകളും ഉണ്ടായിരുന്നു. 5പെട്ടകത്തി
നുമീതെ, കൃപാസനത്തെ മറയ്ക്കുന്ന
തേജസ്സിൻെറ കെരൂബുകളും ഉണ്ടായിരുന്നു.
ഇപ്പോൾ ഈ കാര്യങ്ങൾ ഓരോന്നായി വിവരി
ക്കുവാൻ കഴിയുന്നതല്ല.

6ഇങ്ങനെ സകലവും ക്രമീകരിച്ചതിനു
ശേഷം പുരോഹിതന്മാർ തങ്ങളുടെ ശുശ്രൂഷ
അനുഷ്ഠിക്കുന്നതിനു കൂടാരത്തിൻെറ ആദ്യ
ഭാഗത്തു പതിവായി പ്രവേശിച്ചിരുന്നു.
7എന്നാൽ രണ്ടാംഭാഗത്ത്, മഹാപുരോഹിതൻ
മാത്രം, തനിക്കുവേണ്ടിയും ജനങ്ങൾ അറി
യാതെ ചെയ്തുപോയ തെറ്റുകൾക്കുവേണ്ടി
യും അർപ്പിക്കുവാനുള്ള രക്തവുമായി
ആണ്ടിലൊരിക്കൽ മാത്രം പ്രവേശിച്ചിരുന്നു.
8ഒന്നാമത്തെ കൂടാരം നിലനിന്നിരുന്നേടത്തോ
ളംകാലം അതിവിശുദ്ധസ്ഥലത്തേക്കുള്ള വഴി
വെളിപ്പെട്ടിരുന്നില്ല എന്നു പരിശുദ്ധാത്മാവ്
ഇതിനാൽ സൂചിപ്പിക്കുന്നു. 9അർപ്പിക്കപ്പെട്ടു
പോന്നിരുന്ന വഴിപാടുകളും യാഗങ്ങളും ആരാ
ധകൻെറ മനസ്സാക്ഷിയെ ശുദ്ധമാക്കുവാൻ
പര്യാപ്തമായിരുന്നില്ല എന്നതിന് ഈ കാല
ത്തേക്കുള്ള ദൃഷ്ടാന്തമത്രേ ഇത്. 10അവ
യെല്ലാം- ഭക്ഷണപാനീയങ്ങൾ, വിവിധകഴു
കലുകൾ എന്നിവ - പുതിയ വ്യവസ്ഥിതിയുടെ
കാലംവരെ മാത്രം ബാധകമായിരുന്ന ബാഹ്യ
നിബന്ധനകളത്രേ.

*ക്രിസ്തുവിൻെറ രക്തം*

11വരുവാനുള്ള നന്മകളുടെ മഹാപുരോഹി
തനായി വന്ന ക്രിസ്തു, മനുഷ്യനിർമ്മി
തമല്ലാത്ത, അതായത് ഈ സൃഷ്ടിയിൽ
ഉൾപ്പെടാത്ത, വലിപ്പവും പൂർണ്ണതയുമുള്ള കൂ
ടാരത്തിൽകൂടി കടന്ന്, 12കോലാടുകളുടെയോ
പശുക്കുട്ടികളുടെയോ രക്തത്താൽ അല്ല,
സ്വന്തരക്തത്താൽതന്നേ വിശുദ്ധസ്ഥലത്ത്
ഒരിക്കലായി പ്രവേശിച്ചു നിത്യമായ വീണ്ടെടു
പ്പു സാധിച്ചു. 13ആട്ടു കൊറ്റന്മാരുടെയും കാള
കളുടെയും രക്തം തളിക്കുന്നതും പശുഭസ്മം
വിതറുന്നതും അശുദ്ധർക്കു ശാരീരികശുദ്ധി
വരുത്തുന്നുവെങ്കിൽ, 14നിത്യാത്മാവിനാൽ
ദൈവത്തിനു തന്നെത്തന്നേ നിഷ്കളങ്കനായി
അർപ്പിച്ച ക്രിസ്തുവിൻെറ രക്തം, ജീവനുള്ള
ദൈവത്തെ ആരാധിക്കേണ്ടതിനു, നമ്മുടെ
മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളിൽ
നിന്ന് എത്ര അധികം ശുദ്ധീകരിക്കും!
15അതിനാൽ വാഗ്ദാനപ്രകാരമുള്ള നിത്യാ
വകാശം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന്,
ആദ്യ ഉടമ്പടിയുടെ കീഴിലെ ലംഘനങ്ങളിൽ
നിന്ന് അവരെ വീണ്ടെടുക്കുന്ന ഒരു പ്രായശ്ചി
ത്തമരണത്തിലൂടെ ക്രിസ്തു പുതിയ ഉടമ്പടി
യുടെ മധ്യസ്ഥൻ ആയിത്തീർന്നിരിക്കുന്നു.
16ഒരു മരണപത്രം പ്രാബല്യത്തിൽ വരണ
മെങ്കിൽ അത് എഴുതിവച്ച ആളിൻെറ മരണം
തെളിയിക്കേണ്ടത് ആവശ്യമാണ്; 17കാരണം,
അയാളുടെ കാലശേഷം മാത്രമേ മരണപത്രം

[a] 12 യിരമ്യാവ് 31:31-34

സാധുവാകുന്നുള്ളൂ; അത് എഴുതിയ ആൾ ജീ
വിച്ചിരിക്കുന്നേടത്തോളം കാലം അതു നടപ്പി
ലാകുന്നില്ല.18ഒന്നാമത്തെ ഉടമ്പടിയും രക്തം
കൂടാതെയല്ല സ്ഥാപിക്കപ്പെട്ടത്. 19മോശെ ന്യാ
യപ്രമാണത്തിലെ ഓരോ കല്പനയും സകല
ജനത്തെയും അറിയിച്ചശേഷം പശുക്കിടാ
ക്കളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തം
എടുത്തു വെള്ളം കലർത്തി ചുവന്ന ആട്ടിൻ
രോമവും ഈസോപ്പുതണ്ടും കൊണ്ട് പു
സ്തകച്ചുരുളിന്മേലും സകല ജനങ്ങളിന്മേലും
തളിച്ചു. 20"ഇതു ദൈവം നിങ്ങൾക്കു നിയമിച്ചു
തന്ന ഉടമ്പടിയുടെ രക്തം"[a] എന്ന് അദ്ദേഹം
പ്രസ്താവിച്ചു. 21അങ്ങനെ തന്നേ അദ്ദേഹം
കൂടാരത്തിന്മേലും ആരാധനയ്ക്ക് ഉപയോഗി
ച്ചിരുന്ന സകല ഉപകരണങ്ങളിന്മേലും രക്തം
തളിച്ചു. 22ന്യായപ്രമാണപ്രകാരം എല്ലാംതന്നേ,
രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം
ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല.

23സ്വർഗ്ഗീയമായവയുടെ പ്രതിരൂപങ്ങളെ ഈ
യാഗങ്ങളാൽ ശുദ്ധീകരിക്കേണ്ടതാവശ്യമായി
രുന്നു. സ്വർഗ്ഗീയമായവയ്ക്കോ ഇവയെക്കാൾ
മികച്ച യാഗങ്ങളാണു വേണ്ടത്. 24യഥാർത്ഥമാ
യതിന്റെ പ്രതിരൂപവും മനുഷ്യനിർമ്മിത
വുമായ വിശുദ്ധമന്ദിരത്തിലേയ്ക്കല്ല, നമുക്കു
വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാ
കുവാൻ, സ്വർഗ്ഗത്തിലേക്കുതന്നേയാണ് ക്രി
സ്തു പ്രവേശിച്ചിരിക്കുന്നത്. 25മഹാപുരോഹി
തൻ ആണ്ടുതോറും അന്യരക്തവുമായി
അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുന്ന
തുപോലെ, അവിടുന്ന് കൂടെക്കൂടെ തന്നെ
ത്താൻ അർപ്പിക്കേണ്ടതില്ല. 26അങ്ങനെയാ
യാൽ ലോകസ്ഥാപനംമുതലേ ക്രിസ്തു പല
പ്പോഴും കഷ്ടമനുഭവിക്കേണ്ടിവരുമായിരുന്നു.
എന്നാൽ അവിടുന്ന് യുഗാവസാനത്തിൽ പാപ
പരിഹാരത്തിനു തന്നെത്താൻ യാഗമായി അർ
പ്പിച്ചുകൊണ്ട് ഒരിക്കൽ പ്രത്യക്ഷനായി. 27ഒരി
ക്കൽ മരണവും പിന്നെ ന്യായവിധിയും മനു
ഷ്യർക്കു നിയമിച്ചിരിക്കുകയാൽ 28ക്രിസ്തുവും
അങ്ങനെതന്നേ അനേകരുടെ പാപങ്ങളെ നീ
ക്കിക്കളയുവാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു;
ഇനി പാപം വഹിക്കുവാനല്ല, തനിക്കായി
കാത്തുനില്ക്കുന്നവർക്കു രക്ഷ നല്കുവാൻ
അവിടുന്നു രണ്ടാമതും പ്രത്യക്ഷനാകും.

*ക്രിസ്തുവിന്റെ ഏകയാഗം*

10 ന്യായപ്രമാണം വരുവാനുള്ള
നന്മകളുടെ നിഴൽ മാത്രമാണ്;
അവയുടെ സാക്ഷാൽ രൂപമല്ല. അതുകൊണ്ട്
ആണ്ടുതോറും ആവർത്തിച്ചുപോരുന്ന അതേ
യാഗങ്ങളാൽ, അടുത്തുവരുന്നവരെ പരി
പൂർണ്ണരാക്കുവാൻ അതിന് ഒരിക്കലും കഴിവില്ല.
2കഴിയുമായിരുന്നുവെങ്കിൽ, ഒരിക്കലായി ശു
ദ്ധീകരിക്കപ്പെട്ട ആരാധകർക്കു പിന്നെ പാപ
ബോധമില്ലാതാക്കുന്നതിനാൽ യാഗങ്ങൾ
നിന്നുപോകുമായിരുന്നില്ലേ? 3എന്നാൽ അവ
ആണ്ടുതോറും പാപങ്ങളുടെ ഓർമ്മ ഉളവാ
ക്കുന്നു. 4എന്തുകൊണ്ടെന്നാൽ കാളകളു
ടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിനു
പാപങ്ങൾ നീക്കുവാൻ സാധ്യമല്ല.

5ആകയാൽ, ലോകത്തിലേക്കു വന്നപ്പോൾ
"യാഗവും വഴിപാടും അങ്ങ് ആഗ്രഹി
ച്ചില്ല. എന്നാൽ ഒരു ശരീരം അങ്ങ്
എനിക്ക് ഒരുക്കിയിരിക്കുന്നു;
6ഹോമയാഗങ്ങളിലും പാപയാഗങ്ങളി
ലും അങ്ങു പ്രസാദിച്ചില്ല.
7അപ്പോൾ ഞാൻ പറഞ്ഞു, 'ഇതാ
ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ
എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു–
ദൈവമേ, അങ്ങയുടെ ഇഷ്ടം
ചെയ്യുവാൻ ഞാൻ വരുന്നു' "[b]
എന്ന് അവിടുന്ന് പ്രസ്താവിക്കുന്നു.

8ന്യായപ്രമാണപ്രകാരം അനുഷ്ഠിച്ചുപോന്ന
"യാഗങ്ങളും വഴിപാടുകളും ഹോമയാഗങ്ങളും
പാപയാഗങ്ങളും അവിടുന്ന് ആഗ്രഹിച്ചില്ല,
അവയിൽ പ്രസാദിച്ചുമില്ല" എന്ന് പ്രസ്താവിച്ച
ശേഷം, 9"ഇതാ അങ്ങയുടെ ഇഷ്ടം ചെയ്‌വാൻ
ഞാൻ വന്നിരിക്കുന്നു" എന്ന് അവിടുന്ന്
പറയുന്നു. രണ്ടാമത്തേതിനെ സ്ഥാപിക്കുവാൻ
അവിടുന്ന് ഒന്നാമത്തേതിനെ നീക്കിക്കളയുന്നു.
10ഈ ഇഷ്ടത്താൽ, യേശുക്രിസ്തു ഒരിക്കലാ
യി നടത്തിയ ശരീരയാഗത്തിലൂടെ നാം വിശു
ദ്ധീകരിക്കപ്പെട്ടിരിക്കുന്നു.

11പാപങ്ങൾ നീക്കിക്കളയുവാൻ കഴിവി
ല്ലാത്ത അതേ യാഗങ്ങൾ വീണ്ടും വീണ്ടും അർ
പ്പിച്ചുകൊണ്ടുനില്ക്കുന്ന ഓരോ പുരോഹി
തനും തന്റെ ശുശ്രൂഷ ദിനംപ്രതി നിർവഹി
ക്കുന്നു. 12എന്നാൽ ഈ പുരോഹിതനോ, പാ
പങ്ങൾക്കുവേണ്ടി എന്നേക്കുമായി ഏകയാഗം
അർപ്പിച്ചിട്ട്, ദൈവത്തിന്റെ വലത്തുഭാഗത്ത്
ഇരുന്നശേഷം 13തന്റെ ശത്രുക്കൾ പാദപീഠം
ആകുവോളം കാത്തിരിക്കുന്നു. 14ഏകയാ
ഗത്താൽ അവിടുന്നു വിശുദ്ധീകരിക്കപ്പെടു
ന്നവരെ എന്നേക്കുമായി പരിപൂർണ്ണരാക്കിയി
രിക്കുന്നു.

15പരിശുദ്ധാത്മാവും ഇതേപ്പറ്റി നമ്മോടു സാ
ക്ഷ്യം പറയുന്നു:
16"ആ കാലത്തിനു ശേഷം ഞാൻ
അവരോടു ചെയ്യുന്ന ഉടമ്പടി ഇതത്രേ:
ഞാൻ എന്റെ നിയമങ്ങൾ അവരുടെ
ഉള്ളിലാക്കി, അവയെ അവരുടെ ഹൃ

[a] 20 ഉല്പത്തി 24:8 [b] 10:7 സങ്കീർത്തനം 40:6-8

ദയങ്ങളിൽ എഴുതും എന്നു കർത്താ
വിൻെറ അരുളപ്പാട്"[a]
എന്ന് അവിടുന്ന് ആദ്യം പ്രസ്താവിക്കുന്നു.
17അനന്തരം അവിടുന്ന്,
"അവരുടെ പാപങ്ങളും അകൃത്യങ്ങളും
ഞാൻ ഇനി ഓർക്കുകയില്ല"[b]
എന്നും പറയുന്നു.
18ഇവയുടെ മോചനം ഉള്ളേടത്ത് ഇനി പാ
പങ്ങൾക്കു വേണ്ടി ഒരു യാഗവും ആവശ്യമില്ല.

*സഹിഷ്ണുതയ്ക്കുവേണ്ടിയുള്ള ആഹ്വാനം*

19അതുകൊണ്ടു സഹോദരരേ, യേശു
വിൻെറ ശരീരം എന്ന തിരശ്ശീലയിലൂടെ നമു
ക്കു തുറന്നുതന്ന ജീവനുള്ള പുതുവഴിയായി,
20യേശുവിൻെറ രക്തത്താൽ അതിവിശു
ദ്ധസ്ഥലത്തേക്കു പ്രവേശിക്കുവാനുള്ള
ധൈര്യവും 21ദൈവഭവനത്തിന്മേൽ അധികാ
രമുള്ള ഒരു മഹാപുരോഹിതനും നമുക്കു
ള്ളതു കൊണ്ട് 22നാം ദുർമ്മനസ്സാക്ഷി നീങ്ങു
വാൻ തക്കവണ്ണം ഹൃദയങ്ങളിൽ തളിക്ക
പ്പെട്ടവരും ശുദ്ധജലത്താൽ ശരീരം കഴുക
പ്പെട്ടവരുമായി വിശ്വാസത്തിൻെറ പൂർണ്ണനി
ശ്ചയത്തോടും ആത്മാർത്ഥഹൃദയത്തോടും
കൂടി ദൈവത്തോട് അടുത്തുചെല്ലുക.
23നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നമുക്ക്
അചഞ്ചലരായി ഉറച്ചുനില്ക്കാം. വാഗ്ദാനം
ചെയ്തവൻ വിശ്വസ്തനല്ലോ. 24സ്നേഹത്തി
നും സൽപ്രവൃത്തികൾക്കുംവേണ്ടി പരസ്പരം
പ്രേരിപ്പിക്കുവാൻ നമുക്കു തീക്ഷ്ണത കാണി
ക്കാം. 25ചിലർ പതിവാക്കിയിട്ടുള്ളതുപോലെ
സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, നമുക്കു
തമ്മിൽത്തമ്മിൽ പ്രബോധിപ്പിക്കാം, നാൾ സമീ
പിക്കുന്നു എന്നു കാണുന്തോറും അത് അധി
കമധികം ചെയ്യേണ്ടതാണ്.
26സത്യത്തിൻെറ പരിജ്ഞാനം ലഭിച്ചശേഷം
നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾ
ക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല;
27പിന്നെയോ ന്യായവിധിയുടെ ഭയാനകമായ
സാധ്യതയും എതിരാളികളെ ദഹിപ്പിക്കുന്ന
ക്രോധാഗ്നിയുമേ ഉള്ളൂ. 28മോശെയുടെ ന്യായ
പ്രമാണം അനുസരിക്കാത്തവൻ കരുണ ലഭി
ക്കാതെ രണ്ടോ മൂന്നോ സാക്ഷികളുടെ മൊഴി
യാൽ മരിക്കുന്നു. 29ദൈവപുത്രനെ ചവിട്ടി
ക്കളയുകയും തന്നെ വിശുദ്ധീകരിച്ച ഉടമ്പടി
യുടെ രക്തത്തെ അശുദ്ധമെന്നു കരുതുകയും
കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും
ചെയ്തവൻ എത്രയോ കഠിനതരമായ ശി
ക്ഷയ്ക്കാണു പാത്രമാകുന്നത് എന്നു ആലോ
ചിക്കുവിൻ. 30"പ്രതികാരം എനിക്കുള്ളത്,
ഞാൻ പകരം വീട്ടും"[c]എന്നും "കർത്താവു ത
ൻെറ ജനത്തെ ന്യായം വിധിക്കും"[d]എന്നും അരു
ളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. 31ജീ
വനുള്ള ദൈവത്തിൻെറ കൈകളിൽ വീഴുന്നതു
ഭയങ്കരം തന്നേ.
32പ്രകാശനം ലഭിച്ചശേഷം നിങ്ങൾ കഷ്ടത
കളാൽ പോരാട്ടം സഹിച്ചുനിന്ന ആദ്യകാലം
ഓർത്തുകൊൾവിൻ. 33ചിലപ്പോൾ നിങ്ങൾ
പരസ്യമായി നിന്ദിക്കപ്പെടുകയും പീഡിപ്പിക്ക
പ്പെടുകയും ചെയ്തു. മറ്റു ചിലപ്പോൾ,
അധിക്ഷേപവും പീഡനവും ഏറ്റവരോടു
ചേർന്നുനിന്നു. 34തടവുകാരോടു നിങ്ങൾ
സഹതാപം കാണിച്ചു. നിങ്ങളുടെ സ്വത്തുക്കൾ
അപഹരിക്കപ്പെട്ടപ്പോൾ, മികച്ചതും ശാശ്വത
വുമായ സമ്പത്തു നിങ്ങൾക്കുണ്ടെന്ന് അറി
ഞ്ഞുകൊണ്ട് നിങ്ങൾ അതു സന്തോഷത്തോടെ
സഹിച്ചു.
35അതുകൊണ്ടു മഹാപ്രതിഫലമുള്ള നി
ങ്ങളുടെ ധൈര്യം ഉപേക്ഷിക്കരുത്. 36ദൈ
വേഷ്ടം നിറവേറ്റി വാഗ്ദാനം പ്രാപിക്കുവാൻ
സഹിഷ്ണുതയാണു നിങ്ങൾക്ക് ആവശ്യം.
37ഇനി അല്പകാലം കഴിഞ്ഞ്
"വരുവാനുള്ളവൻ വരും,
താമസിക്കയുമില്ല."
38എന്നാൽ
"എൻെറ നീതിമാൻ വിശ്വാസത്താൽ ജീ
വിക്കും. പിന്മാറുന്നുവെങ്കിൽ എൻെറ
ഉള്ളത്തിന് അവനിൽ പ്രസാദമില്ല."[e]
39നാമോ പിന്മാറി നാശത്തിലേക്കു പോ
കുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവ
രക്ഷ നേടുന്നവരുടെ കൂട്ടത്തിൽ ഉള്ളവരാണ്.

*വിശ്വാസം*

11 വിശ്വാസം എന്നതോ പ്രത്യാശി
ക്കുന്നവയുടെ ഉറപ്പും അദൃശ്യകാ
ര്യങ്ങളുടെ നിശ്ചയവും ആകുന്നു. 2അതിനാ
ലല്ലോ പൂർവ്വികർക്കു സാക്ഷ്യം ലഭിച്ചത്.
3ലോകം ദൈവത്തിൻെറ വചനത്താൽ നിർ
മ്മിക്കപ്പെട്ടു; അങ്ങനെ, ഈ കാണുന്നവയെല്ലാം
ദൃശ്യമായതിൽനിന്നല്ല ഉളവായത് എന്നു നാം
വിശ്വാസത്താൽ അറിയുന്നു.
4വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു
കയീൻെറതിലും വിശിഷ്ടമായ യാഗം അർപ്പി
ച്ചു; അതിനാൽ അദ്ദേഹത്തിനു നീതിമാൻ
എന്നു സാക്ഷ്യം ലഭിച്ചു; ദൈവം
അദ്ദേഹത്തിൻെറ വഴിപാട് അംഗീകരിച്ചു.
മരണശേഷവും അദ്ദേഹം വിശ്വാസത്താൽ
സംസാരിച്ചുകൊണ്ടിരിക്കുന്നു.
5വിശ്വാസത്താൽ ഹാനോക്ക് മരണം കാണാ

[a] 16 യിരമ്യാവ് 31:33 [b] 17 യിരമ്യാവ് 31:34 [c] 30 ആവർത്തനം 32:35 [d] 30 ആവർത്തനം 32:36; സങ്കീർത്തനം 135:14 [e] 38 ഹബകൂക്ക്2:3,4

തെ എടുക്കപ്പെട്ടു; ദൈവം അദ്ദേഹത്തെ
എടുത്തുകൊണ്ടതിനാൽ അദ്ദേഹത്തെ പിന്നെ
കണ്ടതേയില്ല; താൻ എടുക്കപ്പെടുന്നതിനുമുമ്പ്,
ദൈവത്തെ പ്രസാദിപ്പിച്ചവൻ എന്ന സാക്ഷ്യം
അദ്ദേഹത്തിനു ലഭിച്ചു. 6എന്നാൽ വിശ്വാസം
കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യ
മല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ
ദൈവം ഉണ്ടെന്നും തന്നെ ജാഗ്രതയോടെ അ
ന്വേഷിക്കുന്നവർക്ക് അവിടുന്ന് പ്രതിഫലം
നല്കുന്നുവെന്നും വിശ്വസിക്കേണ്ടതത്രേ.

7വിശ്വാസത്താൽ നോഹ, അതുവരെയും
കാണാതിരുന്ന കാര്യങ്ങളെക്കുറിച്ചു മുന്നറിയി
പ്പു ലഭിച്ചപ്പോൾ തന്റെ കുടുംബത്തെ രക്ഷി
ക്കുന്നതിനു ഭയഭക്തിയോടെ ഒരു പെട്ടകം
പണിതു; അതിനാൽ അദ്ദേഹം ലോകത്തെ
കുറ്റംവിധിച്ച്, വിശ്വാസത്താലുള്ള നീതിക്ക്
അവകാശിയായിത്തീർന്നു.

8വിശ്വാസത്താൽ അബ്രാഹാം പില്ക്കാ
ലത്തു തനിക്ക് അവകാശമായി ലഭിക്കാനിരുന്ന
ദേശത്തേക്കു പോകുവാൻ വിളിക്കപ്പെട്ടപ്പോൾ
അനുസരിച്ച്, താൻ എവിടേക്കു പോകുന്നു
വെന്നറിയാതെ ഇറങ്ങിപ്പുറപ്പെട്ടു. 9വിശ്വാ
സത്താൽ അദ്ദേഹം വാഗ്ദത്തദേശത്ത് പര
ദേശിയെപ്പോലെ, അതേ വിശ്വാസത്തിന്
അവകാശികളായിരുന്ന യിസ്ഹാക്കിനോടും
യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ
പാർത്തുകൊണ്ട് 10ദൈവം ശില്പിയായി നിർ
മ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ
നഗരത്തിനായി കാത്തിരുന്നു.

11വിശ്വാസത്താൽ സാറയും, വാഗ്ദാനം
ചെയ്തവനെ വിശ്വസ്തൻ എന്നു കരുതിയതു
കൊണ്ട് പ്രായം കഴിഞ്ഞിട്ടും പുത്രോല്പാ
ദനത്തിനു ശക്തയായിത്തീർന്നു. 12അതിനാൽ
ഒരുവന്, മൃതപ്രായനായവനുതന്നേ, ആകാ
ശത്തിലെ നക്ഷത്രങ്ങൾ പോലെയും സമുദ്രതീ
രത്തെ മണൽപോലെയും അസംഖ്യം സന്തതി
ഉത്ഭവിച്ചു.

13ഇവരെല്ലാവരും വാഗ്ദത്തനിവൃത്തി പ്രാപി
ക്കാതെ, ദൂരെനിന്നു അവയെ കണ്ട് അഭിവാ
ദ്യം ചെയ്തു; ലോകത്തിൽ തങ്ങൾ അന്യരും
പരദേശികളും എന്ന് ഏറ്റുപറഞ്ഞുകൊണ്ടു
അവർ വിശ്വാസത്തിൽ മരിച്ചു. 14ഇങ്ങനെ
പറയുമ്പോൾ അവർ സ്വന്തമായ ഒരു ദേശം അ
ന്വേഷിക്കുന്നുവെന്നു വ്യക്തമാക്കുകയാണ്.
15തങ്ങൾ വിട്ടുപോന്ന ദേശത്തെക്കുറിച്ച് ഓർ
മ്മിച്ചിരുന്നെങ്കിൽ അവർ തിരിച്ചുപോകുവാൻ
ഇടയാകുമായിരുന്നു. 16അവരാകട്ടെ, അധികം
ശ്രേഷ്ഠമായതിനെ, സ്വർഗ്ഗീയമായതിനെ
ത്തന്നേ വാഞ്ഛിച്ചുകൊണ്ടിരുന്നു. അതു
കൊണ്ടു അവരുടെ ദൈവം എന്നു വിളിക്കപ്പെടു
വാൻ ദൈവം ലജ്ജിക്കുന്നില്ല; അവിടുന്ന് അവർ
ക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ.

17വിശ്വാസത്താൽ അബ്രാഹാം, താൻ പരീ
ക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗമായി
അർപ്പിച്ചു. 18"യിസ്ഹാക്കിൽനിന്നു ജനി
ക്കുന്നവൻ നിന്റെ സന്തതി എന്നു വിളിക്ക
പ്പെടും"[a] എന്ന് അബ്രാഹാമിനോടു ദൈവം അരു
ളിച്ചെയ്തിരുന്നുവെങ്കിലും, അങ്ങനെ വാഗ്ദാ
നം പ്രാപിച്ച അബ്രാഹാം തന്റെ ഏകജാതനെ
യാഗം കഴിക്കാൻ ഒരുമ്പെട്ടു. 19മരിച്ചവരെ ഉയി
ർപ്പിക്കുവാൻ ദൈവം ശക്തൻ എന്ന് അബ്രാ
ഹാം എണ്ണുകയും, മരിച്ചവരിൽനിന്ന് ഉയിർത്ത
വന്റെ സാദൃശ്യത്തിൽ അവനെ തിരികെ പ്രാ
പിക്കുകയും ചെയ്തു.

20വിശ്വാസത്താൽ യിസ്ഹാക്ക് യാക്കോ
ബിനെയും ഏശാവിനെയും അവരുടെ ഭാവി
സംബന്ധിച്ച് അനുഗ്രഹിച്ചു.

21വിശ്വാസത്താൽ യാക്കോബ് മരണ
സമയത്ത് യോസേഫിന്റെ പുത്രന്മാരെ ഇരുവ
രെയും അനുഗ്രഹിക്കുകയും തന്റെ വടിയുടെ
അഗ്രത്തിൽ ചാരിക്കൊണ്ട് നമസ്കരിക്കുകയും
ചെയ്തു.

22വിശ്വാസത്താൽ യോസേഫ്, തന്റെ ജീ
വിതാന്ത്യത്തിൽ, യിസ്രായേല്യരുടെ പുറപ്പാ
ടിന്റെ കാര്യം ഓർമ്മിപ്പിക്കുകയും തന്റെ
അസ്ഥികളെപ്പറ്റി കല്പന കൊടുക്കുകയും
ചെയ്തു.

23വിശ്വാസത്താൽ മോശെയുടെ മാതാപിതാ
ക്കൾ, അദ്ദേഹത്തിന്റെ ജനനശേഷം, ശിശു
സുന്ദരനെന്നു കണ്ടിട്ട്, രാജകല്പന
ഭയപ്പെടാതെ ശിശുവിനെ മൂന്നുമാസം ഒളിച്ചു
വച്ചു; രാജാവിന്റെ ആജ്ഞയെ അവർ ഭയ
പ്പെട്ടതേയില്ല.

24വിശ്വാസത്താൽ, മോശെ താൻ വളർന്ന
പ്പോൾ ഫറവോന്റെ പുത്രിയുടെ മകൻ എന്നു
വിളിക്കപ്പെടാൻ വിസമ്മതിച്ചു. 25അദ്ദേഹം പാ
പത്തിന്റെ താൽക്കാലിക ഭോഗത്തെക്കാൾ
ദൈവജനത്തോടുകൂടെയുള്ള കഷ്ടാനുഭവം
തിരഞ്ഞെടുത്തു; 26പ്രതിഫലം നോക്കി
യതുകൊണ്ട് അദ്ദേഹം ഈജിപ്റ്റിലെ
നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിനുവേണ്ടിയു
ള്ള നിന്ദ വലിയ ധനം എന്നു കണക്കാക്കി.
27വിശ്വാസത്താൽ അദ്ദേഹം രാജകോപം ഭയ
പ്പെടാതെ ഈജിപ്റ്റ് വിട്ടുപോന്നു; അദൃശ്യ
നായവനെ ദർശിച്ചാലെന്നപോലെ അദ്ദേഹം
ഉറച്ചുനിന്നു. 28സംഹാരകൻ യിസ്രായേലിലെ
ആദ്യജാതന്മാരെ തൊടാതിരിക്കേണ്ടതിന്
അദ്ദേഹം വിശ്വാസത്താൽ പെസഹ ആചരി
ക്കുകയും രക്തം തളിക്കുകയും ചെയ്തു.

29വിശ്വാസത്താൽ, ജനങ്ങൾ ഉണങ്ങിയ

[a] 11:18 ഉല്പത്തി 21:12

നിലത്തുകൂടി എന്നപോലെ ചെങ്കടലിലൂടെ
കടന്നു; എന്നാൽ മിസ്രയീമ്യർ അതിനു ശ്രമിച്ച
പ്പോൾ മുങ്ങിപ്പോയി.
30വിശ്വാസത്താൽ, ജനങ്ങൾ യെരിഹോ മതി
ലിനു ചുറ്റും ഏഴുദിവസം നടന്നപ്പോൾ അതു
നിലംപതിച്ചു.
31വിശ്വാസത്താൽ, രാഹാബ് എന്ന വേശ്യ
ചാരന്മാരെ സമാധാനത്തോടെ സ്വീകരി
ച്ചതുകൊണ്ട് അനുസരണംകെട്ടവരോടൊപ്പം[a]
നശിക്കാതിരുന്നു.
32ഇതിലധികം എന്തു പറയേണ്ടു? ഗിദെ
യോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്,
ദാവീദ്, ശമൂവേൽ എന്നിവരെക്കുറിച്ചും പ്രവാ
ചകന്മാരെക്കുറിച്ചും വിവരിപ്പാൻ സമയം
പോരാ. 33വിശ്വാസത്താൽ അവർ രാജ്യങ്ങൾ
പിടിച്ചടക്കി, നീതി നടത്തി, വാഗ്ദാനം പ്രാപി
ച്ചു, സിംഹങ്ങളുടെ വായ് അടച്ചു, 34തീയുടെ
ബലം കെടുത്തി, വാളിന്റെ വായ്ത്തലയ്ക്കു
തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു,
യുദ്ധത്തിൽ വീരന്മാരായി, ശത്രുസൈന്യങ്ങ
ളെ ചിതറിച്ചു. 35സ്ത്രീകൾക്കു തങ്ങളുടെ മരി
ച്ചവരെ ജീവനോടെ തിരികെ കിട്ടി, മറ്റു ചിലർ
ശ്രേഷ്ഠമായ പുനരുത്ഥാനം ലഭിക്കേണ്ടതിനു
വിടുതൽ കൈക്കൊള്ളാതെ പ്രഹരം ഏറ്റു.
36വേറേ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല,
തടവ് എന്നിവ സഹിച്ചു. 37കല്ലേറ് ഏറ്റു, ഈർ
ച്ചവാളാൽ അറുക്കപ്പെട്ടു, വാളിനാൽ കൊല്ല
പ്പെട്ടു. ചെമ്മരിയാടുകളുടെയും കോലാടു
കളുടെയും തോൽ ധരിച്ച് 38നിരാശ്രയരും പീ
ഡിതരും നിന്ദിതരുമായി കാടുകളിലും മലകളി
ലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും
ഉഴന്നുവലഞ്ഞു; ലോകം അവർക്കു യോഗ്യമാ
യിരുന്നില്ല.
39അവർ എല്ലാവരും വിശ്വാസത്താൽ അംഗീ
കാരം പ്രാപിച്ചുവെങ്കിലും അവരിൽ ആരും വാ
ഗ്ദാനനിവൃത്തി പ്രാപിച്ചില്ല. 40നമ്മെക്കൂടാതെ
അവർ രക്ഷാപൂർണ്ണത പ്രാപിക്കാതി
രിക്കേണ്ടതിനു ദൈവം നമുക്കുവേണ്ടി ഏറ്റവും
ശ്രേഷ്ഠമായ ഒന്ന് കരുതിവച്ചിരുന്നു.

*ദൈവത്തിന്റെ ശിക്ഷണം*

12 അതുകൊണ്ടു സാക്ഷികളുടെ ഇത്ര
വലിയോരു സംഘം നമ്മെ ചുറ്റി നില്
ക്കുന്നതിനാൽ സകല ഭാരവും മുറുകെപ്പറ്റുന്ന
പാപവും വിട്ട്, നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന
ഓട്ടം സ്ഥിരോത്സാഹത്തോടെ ഓടാം. 2വിശ്വാ
സത്തിന്റെ നായകനും പൂർത്തിവരുത്തു
ന്നവനുമായ യേശുവിനെ നോക്കാം. അവിടുന്ന്,
തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്ത്
അപമാനം അവഗണിച്ച് ക്രൂശിനെ സഹിക്കു
കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാ
ഗത്ത് ഇരിക്കുകയും ചെയ്തു. 3നിങ്ങളുടെ
ഹൃദയം ക്ഷീണിച്ചു നിരാശപ്പെട്ടുപോകാതിരി
പ്പാൻ പാപികളിൽനിന്ന് ഇത്രമാത്രം എതിർപ്പു
സഹിച്ചവനെ ധ്യാനിച്ചുകൊള്ളുവിൻ.
4പാപത്തോടുള്ള പോരാട്ടത്തിൽ നിങ്ങൾ
ഇതുവരെ രക്തം ചൊരിയുവോളം എതിർത്തു
നിന്നിട്ടില്ല.
5"മകനേ, കർത്താവിന്റെ ശിക്ഷണം
നിസ്സാരമാക്കരുത്, അവിടുന്ന് ശാസി
ക്കുമ്പോൾ നിരാശപ്പെടുകയുമരുത്.
6കർത്താവു താൻ സ്നേഹിക്കുന്നവന്
ശിക്ഷണം നല്കുന്നു, താൻ കൈക്കൊ
ള്ളുന്ന ഏതു മകനെയും അടിക്കുന്നു"[b]
എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോ
ടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു
കളഞ്ഞുവോ?
7നിങ്ങൾ ശിക്ഷ സഹിച്ചാൽ ദൈവം മക്ക
ളോട് എന്നപോലെ നിങ്ങളോടു പെരുമാറുന്നു.
അപ്പൻ ശിക്ഷിക്കാത്ത ഏതു മകനാണുള്ളത്?
8എല്ലാവർക്കും ലഭിക്കുന്ന ബാലശിക്ഷ നിങ്ങൾ
ക്കുണ്ടാകുന്നില്ലെങ്കിൽ, നിങ്ങൾ മക്കളല്ല, ജാ
രസന്തതികളത്രേ. 9നമ്മുടെ ജഡസംബന്ധമാ
യ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം
അവരെ ബഹുമാനിച്ചുപോന്നുവല്ലോ. ആത്മാ
ക്കളുടെ പിതാവിനു നാം എത്രയധികം കീഴട
ങ്ങി ജീവിക്കേണ്ടതാണ്! 10അവർ നമ്മെ ശിക്ഷി
ച്ചത് അല്പകാലത്തേക്കും, തങ്ങൾക്ക് ഉത്തമ
മെന്ന് തോന്നിയവിധത്തിലും ആയിരുന്നു;
ദൈവമോ, നാം അവിടുത്തെ വിശുദ്ധിയിൽ പങ്കു
കാരാകേണ്ടതിനു നമ്മുടെ പ്രയോജനത്തിനാ
യിട്ടത്രേ ശിക്ഷിക്കുന്നത്. 11ഏതു ശിക്ഷയും
തൽക്കാലത്തേക്കു സന്തോഷകരമല്ല, ദുഃഖക
രമായി തോന്നും; എന്നാൽ അതിനാൽ പരിശീ
ലനം ലഭിക്കുന്നവർക്ക് അത് പിന്നീട് നീതി
എന്ന സമാധാനഫലം നൽകുന്നു.
12അതുകൊണ്ട് കുഴഞ്ഞ കൈയും തളർന്ന
കാൽമുട്ടും നിവിർത്തുവിൻ. 13അങ്ങനെ, മുടന്തു
ള്ളത് ഉളുക്കിപ്പോകാതെ സൗഖ്യമാകേണ്ടതിനു
"നിങ്ങളുടെ പാദങ്ങൾക്കു പാത നിരപ്പാക്കു
വിൻ."[c]

*ദൈവകൃപ നിരസിക്കരുത്*

14എല്ലാവരോടും സമാധാനത്തിൽ വർത്തി
ച്ചു വിശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ;
വിശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ
കാണുകയില്ല. 15ആരും ദൈവകൃപയിൽനിന്നു
വീണുപോകാതിരിപ്പാനും കയ്പുള്ള വല്ല വേരും
മുളച്ച് അതിനാൽ കലക്കമുണ്ടായി അനേകർ
മലിനരാകാതിരിപ്പാനും സൂക്ഷിച്ചുകൊള്ളു

[a] 31അല്ലെങ്കിൽ *അവിശ്വസിച്ചവരോടൊപ്പം*. [b] 6 സുഭാഷിതങ്ങൾ 3:11,12 [c] 13 സുഭാഷിതങ്ങൾ 4:26

വിൻ. 16ആരും ദുർവൃത്തനോ, ഒരു ഊണിനു
ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെ
പ്പോലെ അഭക്തനോ ആകാതെ സൂക്ഷി
ച്ചുകൊള്ളുക. 17പിന്നീട് അനുഗ്രഹം ലഭി
പ്പാൻ ആഗ്രഹിച്ച് കണ്ണുനീരോടുകൂടെ അപേ
ക്ഷിച്ചിട്ടും അയാൾ തള്ളപ്പെട്ടു; മാനസാന്തര
ത്തിന് അവസരം ലഭിച്ചില്ല എന്നും നിങ്ങൾക്ക്
അറിയാമല്ലോ.

18സ്പർശിക്കാവുന്നതും തീ കത്തുന്ന
തുമായ പർവ്വതത്തെയും, മേഘതമസ്സ്, കൂരിരു
ട്ട്, കൊടുങ്കാറ്റ്, 19കാഹളധ്വനി, വാക്കുകളുടെ
ശബ്ദം എന്നിവയെയും അല്ല നിങ്ങൾ സമീപി
ക്കുന്നത്. ആ ശബ്ദം കേട്ടവർ 'ഇനി ഒരു വാ
ക്കും ഞങ്ങളോടു പറയരുതേ' എന്ന് അ
പേക്ഷിച്ചു. 20"ഒരു മൃഗമെങ്കിലും പർവ്വതത്തെ
തൊട്ടാൽ അതിനെ കല്ലെറിഞ്ഞുകൊല്ലണം"[a]
എന്നുള്ള കല്പന അവർക്കു വഹിച്ചുകൂടായി
രുന്നു. 21"ഞാൻ അത്യന്തം പേടിച്ചു
വിറയ്ക്കുന്നു"[b] എന്നു മോശെയും പറയത്ത
ക്കവണ്ണം ആ കാഴ്ച ഭയങ്കരമായിരുന്നു.

22എന്നാൽ സീയോൻ പർവ്വതത്തിനും ജീ
വനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ
യെരൂശലേമിനും അസംഖ്യം ദൂതന്മാരുടെ സന്തു
ഷ്ടസമൂഹത്തിനും 23സ്വർഗ്ഗത്തിൽ പേരെഴുതി
യിട്ടുള്ള ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാ
വരുടെയും ന്യായാധിപതിയായ ദൈവത്തിനും
സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾ
ക്കും 24പുതിയ നിയമത്തിന്റെ മധ്യസ്ഥനായ
യേശുവിനും ഹാബേലിന്റെ രക്തത്തെക്കാൾ
ശ്രേഷ്ഠമായി സംസാരിക്കുന്ന, തളിക്കപ്പെട്ട
രക്തത്തിനും അടുക്കലത്രേ നിങ്ങൾ വന്നിരി
ക്കുന്നത്.

25അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരി
പ്പാൻ സൂക്ഷിക്കുവിൻ. ഭൂമിയിൽവച്ചു മുന്നറി
യിപ്പു നല്കിയവനെ നിരാകരിച്ചവർ രക്ഷ
പെട്ടില്ലെങ്കിൽ, സ്വർഗ്ഗത്തിൽനിന്ന് അരു
ളിച്ചെയ്യുന്നവനെ വിട്ടുമാറിയാൽ നാം എങ്ങനെ
തെറ്റിയൊഴിയും? 26അന്ന് അവിടുത്തെ ശബ്ദം
ഭൂമിയെ ഇളക്കി. ഇപ്പോഴോ, "ഞാൻ ഇനി ഒരി
ക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും
ഇളക്കും"[c] എന്നു അവിടുന്ന് വാഗ്ദാനം ചെയ്
തിരിക്കുന്നു. 27'ഇനി ഒരിക്കൽ' എന്നത്
ഇളക്കമില്ലാത്തതു നിലനില്ക്കേണ്ടതിന്,
ഇളക്കമുള്ളത് അഥവാ നിർമ്മിക്കപ്പെട്ടത് നീ
ങ്ങിപ്പോകുമെന്നു സൂചിപ്പിക്കുന്നു. 28ആക
യാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊ
ണ്ട് നമുക്കു നന്ദിയുള്ളവരായി ദൈവത്തെ
പ്രസാദിപ്പിക്കത്തക്കവണ്ണം ഭക്തിയോടും ഭയ
ത്തോടുംകൂടെ സേവചെയ്യാം; 29 നമ്മുടെ
"ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ"[d].

*അവസാന പ്രബോധനങ്ങൾ*

13 സഹോദരസ്നേഹം നിലനിർത്തു
വിൻ. 2അതിഥിസൽക്കാരം മറക്കരുത്;
അതിനാൽ ആളറിയാതെ ചിലർ ദൈവദൂ
തന്മാരെ സൽക്കരിച്ചിട്ടുണ്ടല്ലോ. 3തടവിൽ കി
ടക്കുന്നവരെ, നിങ്ങൾ അവരുടെ കൂട്ടു
തടവുകാർ എന്നപോലെയും, പീഡിപ്പിക്കപ്പെടു
ന്നവരെ, നിങ്ങളും പീഡനം സഹിക്കുന്നവർ എ
ന്നപോലെയും ഓർത്തുകൊള്ളുവിൻ.

4വിവാഹം എല്ലാവർക്കും ആദരണീയവും വി
വാഹശയ്യ നിർമ്മലവും ആയിരിക്കട്ടെ. വ്യഭിചാ
രികളെയും ദുർവൃത്തരെയും ദൈവം ന്യായം വി
ധിക്കും. 5നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹമി
ല്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു
തൃപ്തിപ്പെടുവിൻ.

"ഞാൻ നിന്നെ ഒരുനാളും കൈവിടു
കയില്ല, ഉപേക്ഷിക്കുകയുമില്ല"[e]

എന്ന് ദൈവം അരുളിച്ചെയ്തിട്ടുണ്ടല്ലോ.
6അതുകൊണ്ട്,

"കർത്താവ് എന്റെ സഹായി; ഞാൻ
ഭയപ്പെടുകയില്ല; മനുഷ്യന് എന്നോട്
എന്തു ചെയ്യാൻ കഴിയും?"[f]

എന്ന് നമുക്കു ധൈര്യത്തോടെ പറയാം.

7നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു നി
ങ്ങളെ നയിച്ചവരെ ഓർത്തുകൊള്ളുവിൻ.
അവരുടെ ജീവിതചര്യയുടെ ഫലം കണ
ക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരി
ക്കുവിൻ. 8യേശുക്രിസ്തു ഇന്നലെയും ഇന്നും
എന്നേക്കും മാറ്റമില്ലാത്തവൻതന്നേ.

9വിവിധവും വിചിത്രവുമായ ഉപദേശങ്ങളാൽ
ആരും നിങ്ങളെ വഴിതെറ്റിക്കരുത്. ഭക്ഷണനി
യമങ്ങളാലല്ല, കൃപയാൽതന്നേ നിങ്ങളുടെ
ഹൃദയത്തെ ശക്തിപ്പെടുത്തുന്നതു നല്ലത്. ഭോ
ജനനിയമങ്ങൾ ആചരിക്കുന്നവർക്ക് അതി
നാൽ ഒരു പ്രയോജനവും ലഭിക്കുന്നില്ല. 10കൂ
ടാരത്തിൽ ശുശ്രൂഷിക്കുന്നവർക്കു ഭക്ഷിക്കു
വാൻ അധികാരം നൽകാത്ത ഒരു യാഗപീഠം
നമുക്കുണ്ട്.

11മഹാപുരോഹിതൻ മൃഗങ്ങളുടെ രക്തം പാ
പപരിഹാരമായി അതിവിശുദ്ധസ്ഥലത്തേക്കു
കൊണ്ടുപോകുന്നു. എന്നാൽ ഉടൽ പാളയത്തി
നു പുറത്തുവച്ചു ചുട്ടുകളയുന്നു. 12അങ്ങനെ
യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശു
ദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തു
വച്ചു കഷ്ടം സഹിച്ചു. 13അതിനാൽ അവി
ടുത്തെ നിന്ദ ചുമന്നുകൊണ്ടു നമുക്ക് പാ
ളയത്തിനു പുറത്ത് അവിടുത്തെ അടുക്കൽ
ചെല്ലാം. 14ഇവിടെ നമുക്കു നിലനില്ക്കുന്ന

[a] 20 പുറപ്പാട് 19:12,13 [b] 21 ആവർത്തനം 9:19 [c] 26ഹഗ്ഗായി 2:6 [d] 29 ആവർത്തനം 4:24
[e] 5ആവർത്തനം 31:6 [f] 6 സങ്കീർത്തനം 118:6,7

നഗരമില്ലല്ലോ; വരുവാനുള്ളതിനെയത്രേ നാം
അന്വേഷിക്കുന്നത്.

15അതുകൊണ്ടു നമുക്ക് അവിടുത്തെ നാമം
ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാ
ഗം യേശുമുഖാന്തരം ദൈവത്തിനു നിരന്തരമാ
യി അർപ്പിക്കാം. 16നന്മ ചെയ്യുവാനും നിങ്ങൾ
ക്കുള്ളതു മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും
മറക്കരുത്. ഈവിധ യാഗങ്ങളിലാണു ദൈവം
പ്രസാദിക്കുന്നത്.

17നിങ്ങളെ നയിക്കുന്നവരെ അനുസരിച്ച്
അവർക്കു കീഴടങ്ങിയിരിപ്പിൻ. കണക്കു ബോ
ധിപ്പിക്കേണ്ടവരെന്ന നിലയ്ക്ക് അവർ നി
ങ്ങളുടെ ആത്മാക്കളെക്കുറിച്ചു ജാഗ്രത
പുലർത്തുന്നവരാണ്. അവരുടെ പ്രവർത്തനം
ഒരു ഭാരമല്ല, സന്തോഷമായിരിക്കേണ്ടതിനു നി
ങ്ങൾ അവരെ അനുസരിപ്പിൻ, അല്ലാത്തപക്ഷം
അതു നിങ്ങൾക്കു നന്മ വരുത്തുകയില്ല.

18ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ. എല്ലാ
പ്രകാരത്തിലും മാന്യമായി ജീവിക്കുവാൻ ആ
ഗ്രഹിക്കുന്നതിനാൽ ഞങ്ങൾക്കു നല്ല മനസ്സാ
ക്ഷിയുണ്ടെന്നു ഞങ്ങൾക്കു നല്ല ഉറപ്പുണ്ട്. 19എ
ന്നെ നിങ്ങൾക്കു വേഗം തിരിച്ചുകിട്ടുവാൻ
പ്രാർത്ഥിക്കണമെന്നു ഞാൻ വിശേഷാൽ
അഭ്യർത്ഥിക്കുന്നു.

20നിത്യനിയമത്തിൻെറ രക്തത്താൽ, ആടു
കളുടെ വലിയ ഇടയനായ നമ്മുടെ കർത്താവാ
യ യേശുവിനെ മരിച്ചവരിൽനിന്നു മടക്കിവ
രുത്തിയ സമാധാനത്തിൻെറ ദൈവം 21നിങ്ങ
ളെ അവിടുത്തെ ഇഷ്ടം ചെയ്യുവാൻതക്കവണ്ണം
സകല നന്മകളാലും സമ്പൂർണ്ണരാക്കുകയും
അവിടുത്തേക്കു പ്രസാദമുള്ളത് യേശുക്രിസ്തു
മുഖാന്തരം നമ്മിൽ നിറവേറ്റുകയും ചെയ്യുമാറാ
കട്ടെ; അവിടുത്തേക്ക് എന്നുമെന്നേക്കും
മഹത്ത്വം, ആമേൻ.

22സഹോദരരേ, എൻെറ ഈ പ്രബോ
ധനവചനങ്ങൾ ക്ഷമയോടെ ശ്രദ്ധിക്കുവിൻ.
ചുരുക്കമായിട്ടാണല്ലോ ഞാൻ നിങ്ങൾക്ക്
എഴുതിയിരിക്കുന്നത്.

23നമ്മുടെ സഹോദരനായ തിമൊഥെയോ
സ് വിമോചിതനായിരിക്കുന്നുവെന്ന് അറി
ഞ്ഞുകൊൾവിൻ. അവൻ വേഗം എത്തിയാൽ,
ഞാൻ അവനോടൊപ്പം നിങ്ങളെ വന്നു കാണും.

24നിങ്ങളെ നയിക്കുന്ന എല്ലാവർക്കും സകല
വിശുദ്ധർക്കും വന്ദനം പറയുവിൻ. ഇറ്റലിക്കാർ
അവരുടെ ശുഭാശംസകൾ നിങ്ങളെ അറിയി
ക്കുന്നു.

25കൃപ നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കു
മാറാകട്ടെ.